2022
ഡിസംബർ

ഒറ്റ പ്രതി : ₹10
Pages 08
Vol: 13
Issue : 12

# ക്രിസ്തീയ ദർശനം

ഒരു ബ്രദറൺ സഭാ വാർത്താ പത്രം

സത്യവചനം ››› സാഹോദര്യം ››› സ്വാതന്ത്ര്യം ››› സഹവർത്തിത്വം

CHRISTHEEYA DARSHANAM

വാർഷിക വരിസംഖ്യ ₹100

Published From **Vadasserikkara**
RNI. No. KERBIL/2008/26466
**REGISTERED**
Postal Reg. No.
KL/PTA/89/2020-2022

# ക്രൈസ്തവ സഭാസംഗമം: വയനാട്

## സുവിശേഷം നിമിത്തം ഞാൻ കടക്കാരൻ! സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല! സുവിശേഷം അറിയിക്കുവാൻ ഞാൻ എല്ലായ്പ്പോഴും ഒരുങ്ങിയിരിക്കുന്നു.!!





2023 ജനുവരി 3,4,5 തീയതികളിൽ വയനാട് ജില്ലയിൽ വിവിധ കേന്ദ്രങ്ങളിൽ, മദ്യം, മയക്കുമരുന്ന്, അന്ധവിശ്വാസങ്ങൾ എന്നിവയ്ക്കെതിരെ ബോധവത്ക്കരണ സന്ദേശയാത്ര, ക്രിസ്തീയദർശനം സംഘടിപ്പിക്കുന്നു. അതിന് മുന്നോടിയായി ക്രൈസ്തവ സഭാസംഗമം, വയനാട് താന്നിക്കൽ ബ്രദറൺ സഭാ മന്ദിരത്തിൽ 2022 നവംബർ 26 ന് നടന്നു. പ്രസ്തുത സമ്മേളനത്തിൽ മുഖ്യസന്ദേശം സുവിശേഷകൻ ചാണ്ടപ്പിള്ള ഫിലിപ്പ് നൽകി.

റോമാ ലേഖനം 1:14-16 വരെയുള്ള വാക്യങ്ങളെ അധികരിച്ച് സുവിശേഷ വേലയുടെ പ്രാധാന്യവും അപ്പോസ്തലനായ പൗലൂസിന്റെ കാഴ്ചപ്പാടും വ്യക്തമാക്കി. അദ്ദേഹത്തിന്റെ ത്രിവിധ വീക്ഷണങ്ങൾ. **1) സുവിശേഷം നിമിത്തം ഞാൻ കടക്കാരൻ. 2) സുവിശേഷം അറിയിക്കാൻ ഞാൻ എല്ലായ്പ്പോഴും ഒരുങ്ങിയിരിക്കുന്നു. 3) സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല.**

ഒരു കാലത്ത് സുവിശേഷ വിരോധിയായിരുന്ന ശൗൽ സുവിശേഷം നിമിത്തം പൌലൂസ് ആയി മാറിയപ്പോൾ, ആ സുവിശേഷം പ്രസംഗിച്ച് കടം വീട്ടാനുള്ള ശ്രമമായിരുന്നു തന്റെ ശിഷ്ടജീവിതം. കടം നമ്മുടെ ഉറക്കം കെടുത്തുന്നതും അസ്വസ്ഥമാക്കുന്ന വിഷയമാണ്. സുവിശേഷം അറിയിക്കുക

▶▶6

### ക്രിസ്തീയദർശനം വാർത്താപത്രം നേതൃത്വം നൽകുന്ന

## ബോധവൽക്കരണ സന്ദേശയാത്ര വയനാട് ജില്ല

**മദ്യം, മയക്കുമരുന്ന്, അനാചാരങ്ങൾ അന്ധവിശ്വാസങ്ങൾ ഇവയ്ക്കെതിരെ...**

**2023 ജനുവരി 03, 04, 05 തീയതികളിൽ രാവിലെ 9 മുതൽ വൈകിട്ട് 7.30 വരെ**

**ഉദ്ഘാടനം : ശ്രീ. ആർ. ആനന്ദ് ഐ. പി. എസ് (ജില്ലാ പോലീസ് ചീഫ്, വയനാട്)**

**ലഘുസന്ദേശങ്ങൾ, സംഗീതശുശ്രൂഷ, സുവിശേഷ സാഹിത്യവിതരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ**

# കോട്ടയം ബ്രദറൺ കൺവൻഷൻ സമാപിച്ചു









കോട്ടയം: പ്രാദേശിക ബ്രദറൺ സഭകളുടെ സംയുക്ത സഹകരണത്തിൽ 2022 ഡിസംബർ 2 മുതൽ 5 വരെ കോട്ടയം പോലീസ് സ്റ്റേഷൻ ഗ്രൗണ്ടിൽ നടന്ന കൺവൻഷന് ശുഭപര്യവസാനം. ആത്മീയതയും പരിശുദ്ധാത്മാവിന്റെ സ്വാധീനവും ഒത്തൊരുമിച്ച കൺവൻഷൻ സംഘാടക മികവ് പുലർത്തി. സഹോ. മാത്യു ഏബ്രഹാം കൺവീനറായും, ഏബ്രഹാം തോമസ് ട്രഷററായും നേതൃത്വം നൽകിയ സംഘാടക സമിതിയിൽ സഹോദരന്മാർ പ്രശംസനീയമായി പ്രയത്നിച്ചു. ബ്രദർ തോമസ് ചാണ്ടി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ സുവിശേഷകന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, ജോൺ കുര്യൻ, വറുഗീസ് കെ. കുര്യൻ, കെ.വി. തോമസ്, തോമസ് ജയിക്കബ് എന്നിവർ വിവിധ യോഗങ്ങളിൽ പ്രസംഗകരായിരുന്നു. സുവിശേഷകന്മാരായ ജോണി തോമസ്, ജോൺ ജോസഫ്, റ്റി.വി. മാത്യു, പ്രമോദ് തോമസ് എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ക്ലീറ്റസ് ചാണ്ടപ്പിള്ളയുടെ നേതൃത്വത്തിൽ കൺവൻഷൻ ഗായകസംഘത്തിലെ ദൈവദാസീദാസന്മാർ മനോഹരമായ ഗാനാലാപനം നിർവ്വഹിച്ചു.

**മുഖപ്രസംഗം**

# ലഹരി : മഹാദുരന്തം



ഓക്കി ചുഴലിക്കാറ്റ്, മഹാപ്രളയങ്ങൾ, കൊറോണ മഹാമാരി, ഇവയെല്ലാം ഈ ദശാബ്ദം അനുഭവിച്ച മഹാദുരന്തങ്ങൾ ആണ്. അവയെല്ലാം വലിയനാശം വിതച്ച് ചരിത്രത്തിന്റെ ഭാഗമായി. മനുഷ്യരാശി എക്കാലവും നേരിടുന്ന ദുരന്തമാണ് മദ്യവും, മയക്കുമരുന്നും സൃഷ്ടിക്കുന്നത്. വ്യക്തിയെ സ്വാധീനിക്കുവാൻ കഴിയുന്ന ലഹരിയുടെ പര്യായങ്ങൾ ആണ് മദ്യവും, മയക്കുമരുന്നും. വിദ്യാലയങ്ങളുടെ പരിസരങ്ങൾ പലപ്പോഴും ഇവയുടെ വിപണന കേന്ദ്രങ്ങളായി മാറാറുണ്ട്. ഈശ്വരവിശ്വാസവും അച്ചടക്കവുമുള്ള വീടുകളിൽ നിന്ന് എത്തുന്ന കുട്ടികളാണ് ഈ മാഫിയകളുടെ ചതിയിൽ വീഴുന്നവരിൽ അധികം. ഇവരെ തന്ത്രപരമായി വൻ മാഫിയകൾ പ്രലോഭനങ്ങൾക്ക് അടിമപ്പെടുത്തുവാൻ കലാലയങ്ങളിലെ അവരുടെ ചങ്ങാതിമാരെ ഉപയോഗപ്പെടുത്താറുണ്ട്. ഇതിന്റെ വാഹകരെക്കുറിച്ചുള്ള അന്വേഷണം ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് വെളിപ്പെടുത്തുന്നത്. പുത്തൻ ഉണർവ്വോടും പ്രതീക്ഷകളോടും കലാശാലകളിൽ എത്തുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സ്വപ്നങ്ങൾക്ക് മങ്ങലേൽപ്പിച്ച് അവരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന ലഹരി മാഫിയകൾ നിരവധി കുടുംബങ്ങളുടെ നിരാശയ്ക്കും നാശത്തിനും കാരണമായിട്ടുണ്ട്.

പലപ്പോഴും ലഹരിമാഫിയകളുടെ കണ്ണികൾ ആളുകളെ സമീപിക്കുന്നത്, മോഹന സുന്ദരവാഗ്ദാനങ്ങളുമായി ആണ്. എല്ലാ പ്രശ്നങ്ങൾക്കും, ദുഃഖങ്ങൾക്കും ഒക്കെ പരിഹാരം, ലഹരിമൂലം ഉത്തേജിപ്പിക്കപ്പെട്ടാൽ വിജയം സുനിശ്ചിതം എന്നിത്യാതികാര്യങ്ങളാണ് പറയുക. മദ്യം, കഞ്ചാവ് മുതൽ അത്യാധുനികമായ ലഹരിമരുന്നുകൾ വരെ നമ്മുടെ നാട്ടിൽ സുലഭമാണ്. ആവശ്യക്കാർ വർദ്ധിക്കുന്നതിന് അനുസരിച്ച് വിദേശങ്ങളിൽ നിന്ന് പോലും ഇറക്കുമതി ചെയ്ത ലഹരികൾ കേരളത്തിൽ എത്തുന്നുണ്ട്. ഒരിക്കൽ ഉപയോഗം ആരംഭിച്ചാൽ ക്രമേണ അതിന് അടിമയാകും. പിന്നീട് വിനാശകരമായ അവസ്ഥാവിശേഷം സംജാതമാവുകയാണ്. ലഹരി നമ്മെ സമ്പൂർണ്ണമായി നിയന്ത്രിക്കും. സാധാരണ ജീവിതത്തിലേക്ക് പിന്നീട് ഒരു മടക്കം അസാദ്ധ്യമാണ്.

വിവിധതരം ലഹരിക്ക് അടിമപ്പെട്ട ജീവിതങ്ങൾക്ക് ഒരു മോചനം സാദ്ധ്യമാണോ? ലഹരി വിമുക്തകേന്ദ്രങ്ങൾ എത്രമാത്രം വിജയപ്രദമാണ്? ഒരു പരിധിവരെ ഇത്തരം കേന്ദ്രങ്ങളിലെ ചികിത്സാരീതികൾ ഫലപ്രദമാണ്. പക്ഷെ സമ്പൂർണ്ണമായ ഒരു വിടുതൽ സാധ്യമായി കാണുവാൻ കഴിയുന്നില്ല. പിന്നെ എന്താണ് മാർഗ്ഗം?

ലഹരി ഉപയോഗിച്ചിരുന്നപ്പോൾ ആ വ്യക്തിയെ പൂർണ്ണമായി നിയന്ത്രിച്ചിരുന്നത് ലഹരിയായിരുന്നു. അർത്ഥാൽ ആ വ്യക്തി ലഹരിയ്ക്ക് അടിമയാണ്. ആ അടിമത്വത്തിൽ നിന്നുള്ള സ്വാതന്ത്ര്യം ഒരുവനെ ലഹരിമുക്തനാക്കും. അതിന് ഒരു സഹായകനാവശ്യമാണ്. ആ വ്യക്തിയാണ് യേശുക്രിസ്തു. യേശുക്രിസ്തു എന്താണ് ചെയ്തത്? പാപത്തിന് അടിമകളായിരുന്ന മനുഷ്യന് കാൽവറി ക്രൂശിൽ സ്വാതന്ത്ര്യം ഒരുക്കി. പിശാചിന്റെ തല തകർത്തു. പാപത്തിന്റെ ശമ്പളമായ മരണത്തിൽ നിന്നും മനുഷ്യനെ വിമോചിപ്പിച്ചു. ഒരുവൻ ജീവീതം സമ്പൂർണ്ണമായി യേശുകർത്താവിന് വിട്ടുകൊടുത്താൽ അവന്റെ കർത്തൃത്വം യേശുവിനെ ഏൽപ്പിക്കുമ്പോൾ മാരകമായ ലഹരിയിൽ നിന്ന് അവന് രക്ഷനേടാം. ഇത് വിശ്വാസത്തിലൂടെ സാധ്യത പ്രായമാകുന്ന കാര്യമാണ്. ഒരുവന്റെ ജീവിതത്തിൽ ഇപ്പോൾ നിയന്ത്രണം നടത്തുന്ന പിശാചിന്റെ അധീനതയിൽ നിന്നുള്ള വിമോചനത്തിന് സഹായം ലഭിക്കുവാൻ യേശുകർത്താവിൽ മാത്രം വിശ്വസിക്കുക.

അത്ഭുതകരമായ മാറ്റങ്ങൾ മനുഷ്യജീവിതത്തിൽ ഉണ്ടാക്കുവാൻ കഴിയുന്ന ദൈവമാണ് യേശുകർത്താവ്. ലോകം കഴിഞ്ഞ നൂറ്റാണ്ടുകളായി അത് അനുഭവിക്കുന്നു. സമാധാനം, സന്തോഷം, പ്രതിസന്ധികളിൽ നിന്നുള്ള വിടുതൽ, ലഹരി എന്ന മഹാദുരന്തത്തിൽ നിന്നുള്ള മോചനം ഇവയെല്ലാം നിങ്ങൾക്ക് പ്രാപ്യം...

ബ്രദറൺ സമൂഹത്തിലെ യുവതലമുറ ഇത്തരം പ്രവണതകളുടെ സ്വാധീനവലയത്തിൽ അകപ്പെട്ടുവോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വിദേശ സ്വദേശ ബ്രദറൺ സഭകളിലുള്ള ആൺ-പെൺ വ്യത്യാസമില്ലാതെ ചില സംഭവങ്ങൾ നമ്മെ ഞെട്ടിപ്പിക്കുന്നതാണ്! വളരെ ആത്മീകമായ സമീപനം ഇക്കാര്യത്തിൽ പ്രാദേശീക സഭാ നേതൃത്വങ്ങൾക്കുണ്ടാകേണ്ടതാണ്. സജീവമായ പ്രാർത്ഥനയും സ്നേഹമശ്രണമായ ഇടപെടലുകളും ഇത്തരം സാഹചര്യങ്ങളിൽ അനിവാര്യമാണ്. വിദ്യാർത്ഥികൾ പഠിക്കുന്ന കലാലയങ്ങളിൽ നിതാന്ത ജാഗ്രത രക്ഷിതാക്കൾ പുലർത്തിന്നതിലൂടെയും ആദ്ധ്യാപക-രക്ഷകർത്തൃസംഘടനകളുടെ കൂട്ടായ പരിശ്രമങ്ങൾ ഈ കാര്യത്തിൽ ഉണ്ടാകണം.

ലഹരിയുടെ ദോഷവശങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ ക്ലാസ്സുകളും കൗൺസലിംഗ് വിദ്യാഭ്യാസ രംഗത്ത് നിരന്തരം സംഘടിപ്പിച്ചും ഉറവിടം കണ്ടുപിടിച്ചും ഈ വിഷയത്തിൽ ശാശ്വതമായ പരിഹാരം വരുത്തുവാനുള്ള ബോധപൂർവ്വമായുള്ള ശ്രമം ആവശ്യമാണ്. ദൈവഭയം, അച്ചടക്കം, ആത്മീയത ഇവയുള്ള ഒരു സമൂഹമായി യുവതലയെ മാറ്റിയെടുക്കേണ്ടതുണ്ട്.

*എഡിറ്റർ*

**ധ്യാനം**



# നാല് വിരൽ ദൈർഘ്യം മാത്രമുള്ള ആയുസ്സ് !



**ജെഫിൻ സജി ജോൺസ്**

ഒരു ആയുസ്സിന്റെ നീളം നിശ്ചയിക്കുന്നത് ഒരു പക്ഷെ കാലഘട്ടത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം. എന്നാൽ ഒരായുസ്സ് എന്ന് പറയുന്നത് കാലഘട്ടത്തിന്റെ ദൈർഘ്യം മാത്രമല്ല ഒരുവൻ ജീവിച്ചിരിക്കുമ്പോൾ ചെയ്യുന്ന പ്രയോജനകരമായ കാര്യങ്ങളുടെ അടിസ്ഥാനത്തിൽ കൂടെയാണെന്ന് നമുക്ക് ചിന്തിക്കാം.

ഈ ഭൂമിയിൽ 80 മുതൽ 100 വർഷം വരെ ജീവിക്കുന്നവരുണ്ടാവും. ചിലർ അതിൽ കുറവും എന്നാൽ എത്രനാൾ ജീവിച്ചു എന്നതിലല്ല, ജീവിച്ചിരുന്നനാൾ അത്രയും എങ്ങനെ ജീവിച്ചു എന്നതിലാണ് കാര്യം. ജീവിതം എന്ന വളരെ ഹ്രസ്വമായ വാക്കിന് വലിയ അർത്ഥങ്ങൾ ഉണ്ട്. ഒരു മനുഷ്യൻ മുഴുവനും അടങ്ങിയിരിക്കുന്നത് ഈ വാക്കിലാണ്. ജീവിതമാണ് എല്ലാം. അതാണ് ആയുസ്സ്. ജീവപര്യന്തം ചെയ്യുന്ന ഓരോ കാര്യങ്ങൾക്കും ആയുസ്സിന്റെ പട്ടികയുണ്ട്. ആ പട്ടികയുടെ ആകെ തുകയാണ് ആയുസ്സിന്റെ നീളം. നമ്മുടെ ആയുസ്സ് എങ്ങനെയാണ്? വളരെ കഷ്ടപ്പെട്ട് ഞെരുക്കമുള്ളതാണോ? അതോ വിശാലത നിറഞ്ഞത് ആണോ? നമ്മുടെ ജീവിത നിമിഷങ്ങളെ നാം എങ്ങനെ ഉപയോഗിക്കുന്നു എന്നതാണ് കാര്യം. വിശുദ്ധ വേദപുസ്തകം വളരെ വ്യക്തമായി പറയുന്ന ഒരു കാര്യമുണ്ട്. “തക്കസമയത്ത്” എന്നത്. കർത്താവായ യേശുക്രിസ്തു തന്റെ ഭൂമിയിലെ മൂപ്പത്തിമൂന്നര സംവത്സരങ്ങളിലും താൻ ചെയ്ത ഓരോ പ്രവർത്തിയും കണക്കിലെടുത്ത് പരിശോധിച്ചാൽ കർത്താവിന്റെ ആയുസ്സിന്റെ മനോഹാരിത നമുക്ക് കാണുവാൻ സാധിക്കും. കർത്താവിന്റെ മക്കളായിത്തീർന്ന നാം ഓരോരുത്തരുമാണ് കർത്താവിന്റെ ആയുസ്സിന്റെ മനോഹാരിതയുടെ പരിണിത ഫലങ്ങൾ വിശുദ്ധ വേദപുസ്തകം കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ഇങ്ങനെ സാക്ഷ്യപ്പെടുത്തുന്നു. “അവൻ തക്ക സമയത്ത് അഭക്തർക്ക് വേണ്ടി മരിച്ചു, ഇത് ഒരു മാതൃകയാവണം.” ജീവത്തിലെ ഓരോ നിമിഷത്തിനും വിലയുണ്ടെന്നും അതെല്ലാം ആയുസ്സിന്റെ പട്ടികയിൽ ചുവടെ ചേർക്കുന്നതാണെന്നുമുള്ള ബോധ്യം നമ്മളിൽ ഉണ്ടാവണം.

നമുക്ക് ഉള്ളത് ഈ നിമിഷം മാത്രമാണ്. അത് നാം വ്യക്തമായി കൃത്യതയോടെ ഉപയോഗിക്കുന്നുവെങ്കിൽ ആയുസ്സിന്റെ ഫലം സുവർണ്ണലിപികളിൽ എഴുതപ്പെടും. അതുപോലെ നാം നമ്മുടെ ആയുസ്സിൽ എടുക്കുന്ന തീരുമാനങ്ങളുടെ ആകെത്തുകയാണ് നമ്മുടെ ജീവിതം എന്ന ബോധ്യവും നമ്മെ ഭരിക്കട്ടെ. ഈ ആയുസ്സിലൂടെയുള്ള ജീവിതം എങ്ങനെയെന്ന് നമുക്ക് ചിന്തിക്കാം.

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM

ലേഖനം
അയയ്ക്കേണ്ട വിലാസം
Saji John
Varickamakkal
Christheeyadarsanam,
Kariamplave P.O.
689615,
Ph: 9562642509

email:
cdranni2020@gmail.com

വരിസംഖ്യ & സംഭാവന
South Indian Bank, Ranni
A/c. No. 0322053000008302
IFSC Code : SIBL0000322

എഡിറ്റർ : സജി ജോൺ 9562642509
പബ്ലീഷർ : രാജ കെ. തോമസ്
എഡിറ്റോറിയൽ ബോർഡ്
ചാണ്ടപ്പിള്ള ഫിലിപ്പ് — ജെയിംസ് എം. തോമസ്
സജീവ് വർഗീസ് — ഇ. എസ്. റെജി
വി. എം. പോൾ — കെ. എസ്. ജോസഫ്
സാമുവേൽ ജോൺ — ബിജോയ് തുടിയൻ
പി. എം. സാമുവേൽ — സാം ഫിലിപ്പ്
പോൾ പി. സ്കറിയ — ജിജു ജോർജ്ജ്
ഷോൺ സാജൻ ഫിലിപ്പ്സ്
മാനേജിംഗ് എഡിറ്റർ ജെഫിൻ സജി ജോൺസ്, 9446400331
സർക്കുലേഷൻ മാനേജർ ജോയൻ സജി ജോൺ
വിദേശ പ്രതിനിധികൾ
റോജി വർഗീസ്, ഹാൻലി തോമസ്, എം. ഒ. മോഹൻ, ബിജു മാത്യു, ലാൻസി സാമുവേൽ, തോംസൺ ഡാനിയേൽ ജോൺ, അനു മാത്യു, ജെൻ സജി ജോൺസ്, ബഞ്ചമിൻ ജോർജ്ജ്, ജേക്കബ് ജോർജ്ജ്, സജി തോമസ്, ജയ്സൺ. പി. ഏബ്രഹാം, ഗ്ലാഡ്‌ലി ജോസഫ് ദോഹ



ലേഖനം 19

# യോസേഫിന്റെ ജീവിതവിശുദ്ധി- നമുക്കൊരു മാതൃക





ജെയിംസ് എം. തോമസ്

മിസ്രയീ ദേശത്തൊക്കെയും സഞ്ചരിച്ച് (ഉല്പത്തി 41: 46) ദേശത്തിന്റെ സ്പന്ധനമറിഞ്ഞ് ദൈവീക ആലോചനപ്രകാരം പ്രവർത്തിച്ച ഉത്തമഭരണാധികാരിയായ യോസേഫിനെ നാം കഴിഞ്ഞ ലക്കത്തിൽ വിശദ്ധമായിത്തന്നെ കണ്ടു. കർത്താവു നമ്മെ ഏൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ തിരുഹിതപ്രകാരം തന്നെ പൂർണ്ണ ഊത്മാവോടെ നമുക്കും നിവർത്തിക്കാം. തുടർന്ന് ഈ ലേഖനത്തിൽ സഹോദരന്മാരെ നന്നായി അറിഞ്ഞ യോസേഫിനെ നാം ക്രൂശിക്കുവാൻ പോവുകയാണ്.

മറ്റാരേക്കാളും നന്നായി യോസേഫിനു തന്റെ സ്വന്തസഹോദരന്മാരെ അറിയാമായിരുന്നു. ഉല്പത്തി 37:2; "യോസേഫിനു പതിനേഴു വയസ്സായപ്പോൾ അവൻ തന്റെ സഹോദരന്മാരോടുകൂടെ ആടുകളെ മേയിച്ചുകൊണ്ട് ഒരു ബാലനായി തന്റെ അപ്പന്റെ ഭാര്യാമാതാവായ ബിൽഹവ്വായുടേയും സില്പ്പായുടേയും പുത്രന്മാരോടുകൂടെ ഇരുന്ന് അവരെ കുറിച്ചുള്ള ദുഃശ്രുതി യോസേഫ് അപ്പനോടു വന്നു പറഞ്ഞു." ബാലനായിരുന്നപ്പോൾതന്നെ തന്റെ ജേഷ്ഠ സഹോദരന്മാർ അത്ര വെടിപ്പുള്ള ജീവിതത്തിനുടമകളല്ല എന്നു അവൻ മനസ്സിലാക്കി. എന്നിട്ടുമെന്തെ അവൻ അപ്പനെ അവരെകുറിച്ചുള്ള ദുഃശ്രുതി അറിയിച്ചു? അവർ അങ്ങനെയെങ്കിലും തെറ്റുകൾ തിരുത്തുമെന്നുള്ള പ്രതീക്ഷയുണ്ടായിരുന്നു എന്നും കരുതാം. അപ്പന്റെ മുന്നിൽ ഒരു ജീവിതവും അപ്പന്റെ കാഴ്ചയ്ക്കപ്പുറം മറ്റൊരു മുഖവുമുള്ള സഹോദരന്മാരെ യോസേഫ് തിരിച്ചറിഞ്ഞു. സഹോദരാ, ജീവിതം എങ്ങനെയുണ്ട്? സഹോദരീ, നിനക്കു രണ്ടു മുഖങ്ങൾ ഉണ്ടോ? ഉത്തരം ദൈവമുമ്പാകെ നൽകിയേ മതിയാകൂ.

37:8; " അവന്റെ സ്വപ്നങ്ങൾ നിമിത്തവും അവന്റെ വാക്കു നിമിത്തവും അവനെ പിന്നെയും അധികം ദ്വേഷിച്ചു" വാക്യം 11; "അവന്റെ സഹോദന്മാർക്ക് അവനോട് അസൂയ തോന്നി" തന്റെ ഉയർച്ചയെകുറിച്ചുള്ള സ്വപ്നം പോലും സഹോദരന്മാർക്കു എത്ര അരോചകമാണ് എന്ന് യോസേഫറിഞ്ഞു. " അധികം ദ്വേഷിച്ചു; അവനോട് അരോചകം തോന്നി' എന്നീ പ്രയോഗങ്ങൾ ഇക്കാര്യം കൂടുതൽ വെളിപ്പെടുത്തുന്നു. യഥാർത്ഥസ്നേഹമായിരുന്നെങ്കിൽ അവർ എത്ര സന്തോഷിക്കുമായിരുന്നു? അവന്റെ സ്വപ്നം അവരുടേതുമാകുമായിരുന്നു. അതിന്റെ സാഫല്യത്തിനായി അവർ കാത്തിരിക്കുമായിരുന്നു. അവനെ എത്ര കരുതുമായിരുന്നു. അവനായി പ്രാർത്ഥിക്കുമാ യിരുന്നു. ആ നല്ല ദിനത്തിനായിനാളുകൾ എണ്ണുമായിരുന്നു? നിന്റെ കൂട്ടു സഹോദരന്റെ ഉയർച്ചയുടെ സ്വപ്നം പോലും താങ്ങുവാൻ നിനക്കാകുന്നില്ലെങ്കിൽ എത്ര വലിയ വീഴ്ചയാണ് നിനയ്ക്കുള്ളത് എന്ന് വിശേഷിപ്പിക്കാൻ വാക്കുകൾ ലഭിക്കുന്നില്ല! എന്നിട്ടും നല്ലവനായ യോസേഫ് അവരെ സ്നേഹിച്ചു.!

37:17-31 വരെയുള്ള തിരുവചനയോഗം ധ്യാനിച്ചാൽ കണ്ണുകൾ നിറയും ഈ ഭാഗത്തെ ഓരോ വരികളിലും തന്റെ സഹോദരന്മാർ എത്ര ക്രൂരന്മാരും നീചന്മാരുമാണ് എന്നും യോസേഫ് തിരിച്ചറിഞ്ഞു. അവന്റെ കണ്ണുനീരും ആത്മാർത്ഥതയും സ്നേഹവും അപേക്ഷയും ഒന്നും അവരുടെ ഹൃദയത്തെ ഒട്ടുംതന്നെ ചലിപ്പിച്ചില്ല! ഇന്നും ഈ സഹോദരന്മാരുടെ പിൻതലമുറക്കാർ ദൈവസഭകളിലുണ്ട്. എന്തു ക്രൂരതയും പ്രവർത്തിക്കുവാൻ മടിയില്ലാത്തവർ! സ്വർഗ്ഗം വിധിയെഴുതട്ടെ.........

42:11: " ഞങ്ങൾ പരമാർത്ഥികളാകുന്നു.; അടിയങ്ങൾ ഒറ്റുകാരല്ല" രണ്ടാം ഭാഗം ശരിയാണ്; ഒറ്റുകാരായ; എന്ന ആദ്യ പ്രസ്താവനയോ?" ഞങ്ങൾ പരമാർത്ഥികളാകുന്നു" എന്ന് ആതാണിവർ പറയുന്നത് എന്നതാണ് ഏറെ വിചിത്രം! അവരുടെ " പരമാർത്ഥതയുടെ കയ്പുരസം നന്നായി അനുഭവിച്ചവനോടു തന്നെ! നാം ആയിരുന്നെങ്കിൽ ഒരുപക്ഷെ ആ നിമിഷം സഹോദരന്മാരെ തക്കതായി തന്നെ ശിക്ഷിക്കുമായിരുന്നു. " ഞങ്ങൾ പരമാർത്ഥികളാകുന്നു" എന്ന് ഉറക്കെപറഞ്ഞാലും അയ്യയ്യോ സഹോദരന്മാരെ നിങ്ങളുടെ മുന്നിൽ നിൽക്കുന്ന നല്ലവനായ യോസേഫിനു നിങ്ങളെ അറിയാം. " ഞങ്ങൾ പരമാർത്ഥികളാകുന്നു" എന്ന് ഉറക്കെ പ്രഖ്യാ പിച്ചുകൊണ്ട് എത്ര നീചപ്രവർത്തികൾ ചെയ്യുന്നവർക്ക് ഇതു ശക്തമായ താക്കീതാണ്. ഒരിക്കൽ യോസേഫിനു മുന്നിൽ ഇത്തരക്കാർ വെളിപ്പെടും.

45:24;" അങ്ങനെ അവൻ തന്റെ സഹോദരന്മാരെ യാത്രയയച്ചു; അവർ പുറപ്പെടുമ്പോൾ : നിങ്ങൾ വഴിയിൽ വച്ചു ശണ്ഠ കൂടരുതെന്ന് അവരോട് പറഞ്ഞു." ശണ്ഠയിടുന്നവരാണ് തന്റെ സഹോദരന്മാരെന്നു യോസേഫിനറിയാമായിരുന്നു. ഒരു പക്ഷെ ഇവരുടെ പല ശണ്ഠയിടുന്ന രംഗങ്ങൾക്കും യോസേഫ് സാക്ഷിയായിട്ടുണ്ടായിരുന്നിക്കണം. നാളുകൾ ഏറെ കഴിഞ്ഞിട്ടും ഇപ്പോഴും ഇവർ ശണ്ഠയിടുന്നവരാണ് എന്ന നാളുകളായിട്ടും ഇന്നും പ്രാദേശീക സഭകളിൽ ശണ്ഠയിടുന്ന സഹോദന്മാരുണ്ട്! ഈ ലോകത്തിന്റെ ചിത്രമായ മിസ്രായീമിൽ നിന്ന് സ്വർഗ്ഗീയപൗരന്മാരായ നമ്മുടെ ഒത്തൊരു മിച്ചുള്ള യാത്രയിൽ നമ്മുടെ പൊന്നു രക്ഷിതാവിനും നമ്മോടുള്ള കല്പനയും ഇതു തന്നെയല്ലേ? 45:1 -ൽ " ഇങ്ങനെ യോസേഫ് തന്റെ സഹോദരന്മാർക്കു തന്നെ വെളിപ്പെടുത്തിയപ്പോൾ " എന്നും വാക്യം 3 ൽ "അവന്റെ സഹോദരന്മാർ അവന്റെ സന്നിധിയിൽ ഭ്രമിച്ചു പോയതു കൊണ്ട് അവനോട് ഉത്തരം പറവാൻ അവർക്ക് കഴിഞ്ഞില്ല" എന്നും നാം വായിക്കുന്നു. ഉത്തരം മുട്ടി, ഭ്രമിച്ചു ഭയചകിതരായി തകർന്നു നിൽക്കുന്ന ഈ സഹോദരന്മാരെ യോസേഫ് ചേർത്തു പിടിച്ചില്ലായിരുന്നുവെങ്കിലോ? യാതൊരു പ്രതീക്ഷയും ഇല്ലാതെ തന്റെ ദയയ്ക്കായി കാത്തുനിന്ന സഹോദരന്മാരെയും യോസേഫ് അറിഞ്ഞു! സ്തോത്രം. ഇതുതന്നെയല്ലേ നമ്മുടേയും ധൈര്യം? നമുക്കും നമ്മുടെ വീണ്ടെടുപ്പുകാരന്റെ കാലിൽ വീഴാം; നന്ദിയുള്ളവരാകാം.

തൃപ്പദത്തിൽ ചുംബനം ചെയ്തും
ബാഷ്പവർഷം കാലുകളിൽ പെയ്തും
ഇടവിടാതെ കീർത്തനം ചെയ്തും
കടമ തീർത്താലും ബദലാമോ?
(പാടാം ദിനവും ഞാൻ സ്തുതിഗാനം)

സഭാദൂത് – 5

# ഹൃദയങ്ങളെയും ഉൾപ്പൂവുകളെയും ആരായുന്നവൻ





ഡോ: സനീഷ് ചെറിയാൻ

വെളിപ്പാട് പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന ഓരോ സ്ഥലം സഭയ്ക്കുള്ള ദൂതും ഈ ലോകത്തിൽ സഭ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ സാഹചര്യങ്ങളും അതിനോടുള്ള ബന്ധത്തിൽ കർത്താവിന്റെ നിലപാടും വ്യക്തമാക്കുന്നതാണ്. സാത്താന്റെ അധീനതയിൽ കിടക്കുന്ന ഈ ലോകം ദൈവജനത്തിനു അനുകൂല സാഹചര്യം ഒരുക്കുന്ന ഒന്നല്ല. ദൈവത്തിൽ നിന്നും അവരെ അകറ്റുന്നതിനു മതിയായ സാഹചര്യങ്ങൾ ഒരുക്കുകയാണ് ചെയ്യുന്നത്. ഈ ലോകത്തിന്റെ വിശ്വാസ സംവിധാനങ്ങളും

ധാർമ്മിക സദാചാര ചിന്തകളും തത്വചിന്തകളും സംസ്ക്കാരങ്ങളും എല്ലാം ദൈവിക വ്യവസ്ഥിതിയിൽ നിന്നും വളരെ അകലെയാണ്. പാപ ജഡത്തിൽ ജീവിക്കുന്ന മനുഷ്യന്റെ അഭിനിവേശം ദൈവത്തോട് ചേർന്ന് പോകുന്ന വിശുദ്ധി എന്നതിൽ ഉപരി ലോകത്തോട് ചേർന്ന് പോകുന്ന പാപത്തിന്റെ വഴികൾ ആകുന്നു.

എല്ലാ സഭകളോടുള്ള ബന്ധത്തിലും അവർ ആയിരിക്കുന്ന പശ്ചാത്തലം കലുഷിതമാണെന്നും വേർപെട്ട് ജീവിക്കണം എന്നുമുള്ള ആഹ്വാനം നാം കാണുന്നു. ഒരു വിശ്വാസിയുടെ സാമൂഹിക ജീവിതപശ്ചാത്തലം അവനെ വളരെ സ്വാധീനിക്കും. ആ സ്വാധീന വലയത്തിൽ നിന്നും പുറത്ത് വന്നു ദൈവപ്രസാദമുള്ള ജീവിതം നയിക്കുക എന്നതാണ് ഓരോ വിശ്വാസിക്കുമുള്ള വെല്ലുവിളി. ഈ വെല്ലുവിളി ഏറ്റെടുത്ത് ജീവിത വിജയം വരിക്കുന്നവർക്ക് പ്രതിഫലം പ്രത്യേകമായി നൽകപ്പെടുമെന്ന് ദൈവാത്മാവ് ഈ ദുതുകളിൽ വ്യക്തമാക്കുന്നു. തുയഥൈര സഭയ്ക്കുള്ള (വെളിപ്പാട് 2:18-29)

ദൂതിലും ദൈവാത്മാവിന് സഭാ വിശ്വാസികളോട് പറയുവാനുള്ള സന്ദേശം വേർപാടും വിശുദ്ധിയും തന്നയാണ്.

ഏഷ്യാമൈനറിലെ പ്രധാന പട്ടണങ്ങളിൽ മറ്റൊന്നാണ് തുയഥൈര. സർദ്ദീസ് പട്ടണത്തിൽ നിന്നും 20 മൈൽ അകലെ സ്ഥിതി ചെയ്യുന്നു. പെർഗ്ഗമോസ്, സർദീസ് പട്ടണങ്ങളെ ബന്ധിപ്പിക്കുന്ന പാതയിൽ, സമതല പ്രദേശത്ത് സ്ഥിതി ചെയ്യുന്നു എന്നതിനാൽ വ്യാപാര രംഗത്ത് അല്പം സ്വാധീനം ഈ പട്ടണത്തിനുണ്ട്. ഇവിടം പ്രധാനമായും അറിയപ്പെടുന്നത് വസ്ത്രനിർമ്മാണ രംഗത്താണ്. പ്രത്യേകിച്ചും വസ്ത്രത്തിനു ചായം മുക്കുന്ന വ്യവസായത്തിൽ. അപ്പോസ്തല പ്രവർത്തികളിൽ വസ്ത്ര വ്യാപാരവുമായി ബന്ധപ്പെട്ട് നാം കാണുന്ന ഒരു വ്യക്തിയാണല്ലോ ലുദിയ. സുവിശേഷത്തിന് ഈ പട്ടണത്തിൽ

ആദ്യമായി ഹൃദയം തുറന്ന വ്യക്തികളിൽ ഒരാളായി നാം ലുദിയയെ കാണുന്നു. ലുദിയ തുയഥൈര പട്ടണക്കാരിയായിരുന്നു (അപ്പോസ്തല പ്രവർത്തി 16:14). തുയഥൈരയുടെ ഇന്നത്തെ പേര് അക്ഹിസാൻ എന്നാണ്. തുർക്കികൾ പഴയ പട്ടണം തകർത്തു നാമവശേഷമാക്കി. ഇപ്പോൾ തുർക്കികളും അർമേനിയരും ചുരുക്കം ക്രിസ്ത്യാനികളും ഈ പ്രദേശത്ത് താമസിക്കുന്നു. സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണ് ഇന്ന് അക്ഹിസാർ.

മറ്റു ദൂതുകളിൽ എന്നത് പോലെ തന്നെ സഭാകാന്തനായ കർത്താവിന്റെ സ്വഭാവസവിശേഷതകൾ ആദ്യം വെളിപ്പെടുത്തുന്നു. സഭ ആയിരിക്കുന്ന ലോക പശ്ചാത്തലവും സഭയുടെ അവസ്ഥയും അതോടുള്ള ബന്ധത്തിൽ കർത്താവിന്റെ പ്രതികരണം എങ്ങനെ എന്നതും ചേർന്ന് വരുന്ന നിലയിലാണ് ഓരോ ദൂതിലും കർത്താവിനെ പരിചയപ്പെടുത്തുന്നത്. വിശുദ്ധിയിൽ തീക്ഷണതയുള്ള ഒരു കർത്താവിനെയാണ്. തൂയഥൈര സഭയോടുള്ള ബന്ധത്തിൽ നാം കാണുന്നത് (വാ. 18). ഈ സ്ഥലം സഭയുടെ ആത്മീക നിലവാരവും ശുശ്രൂഷകളും പ്രശംസനീയമാണ് എന്നത് കർത്താവ് സമ്മതിക്കുമ്പോൾ തന്നെ സഭയെ ഗുരുതരമായി ബാധിച്ചിരിക്കുന്ന ഒരു പ്രശ്നമാണ് കർത്താവ് ഈ ദൂതിൽ പ്രധാനമായും പ്രതിപാദിക്കുന്നത്.

ഇസബേൽ എന്ന സ്ത്രീ ദുർന്നടപ്പിന്റെ ആൾരൂപമായി ഈ സഭയിൽ വിലസുന്നു. അത് സഭയെ ഒന്നാകെ സ്വാധീനിക്കുകയും സഭയുടെ പവിത്രതയും വിശുദ്ധിയും കളങ്കപ്പെടുകയും ചെയ്യുന്നത് ആശങ്കാജനകമായ ഒരു വിഷയമായിരിക്കുന്നു. പ്രവാചകി എന്ന സ്വയം അവകാശപ്പെടുന്ന ഈ സ്ത്രീ സഭയുടെ ചുമതലപ്പെട്ട സ്ഥാനം അലങ്കരിക്കുന്ന, സഭയിലെ ശുശ്രൂഷകന്മാരിൽ ഒരാളുടെ ഭാര്യ ആയിരിക്കുവാനാണ് സാധ്യത. സഭയെ ദുർന്നടപ്പിലേക്കും വിഗ്രഹാർപ്പിതം കഴിക്കുന്നതുമായ അവസ്ഥയിലേക്കും നയിക്കുന്ന ഒരു പ്രേരക ശക്തിയായി ഈ സ്ത്രീ വർത്തിക്കുന്നു. ആ സ്ത്രീയെ സഭ അവരുടെ ഉപദേശങ്ങൾ വ്യാപാരം ചെയ്യാൻ അനുവദിക്കുന്നു എന്നതാണ് ദൈവാത്മാവ് ഇവിടെ എടുത്തു പറയുന്ന കുറ്റം.

തുണി വ്യവസായത്തിൽ പേര് കേട്ട തുയഥൈര പട്ടണത്തിൽ വ്യാപാരികൾക്ക് ഒരു സംഘടന ഉണ്ടായിരുന്നു. ഈ സംഘടന അവരുടെ ഇടയിൽ കൂടെക്കൂടെ സമൂഹ സദ്യ സംഘ

▶▶7

## അനുഗ്രഹീതരായ സ്മരണീയർ 31

# അചഞ്ചല വിശ്വാസത്തിനുടമ പ്രൊഫസർ എഫ്.എഫ്. ബ്രൂസ്



ബ്രദർ സുവിശേഷകൻ പീറ്റർ ഫൈവിയുടെയും ഭാര്യ മേരി ബ്രൂസിന്റെയും ഏഴ് മക്കളിൽ ആദ്യത്തെ മകനായി ഫ്രെഡറിക് ഫൈവി ബ്രൂസ് 1910 ഒക്ടോബർ 12 ന് സ്കോട്ട്ലൻഡിലെ എൽജിനിൽ ജനിച്ചു. ഭക്തരായ മാതാപിതാക്കൾ ദൈവ ഭയത്തിൽ വളർത്തി. ചെറുപ്പം മുതൽ തന്നെ ദൈവവചനം പഠിക്കുവാൻ വളരെതാൽപ്പര്യം ഉള്ളവനായിരുന്നു എഫ്.എഫ്. ബ്രൂസ്. ബാല്യകാലത്തുതന്നെ അദ്ദേഹം ബൈബിളിലെ പലഭാഗങ്ങളും മനഃപാഠമായി പഠിച്ചിരുന്നു. കൂടാതെ യിസ്രായേലിലെയും യഹൂദ്യയിലെയും ഉള്ള രാജാക്കന്മാരുടെ കാലഗണന കണക്കും അദ്ദേഹത്തിന്റെ സഹോദരി സഹോദരന്മാരെ പഠിപ്പിക്കുകയും ചെയ്യുമായിരുന്നു .

1932–ൽ സ്കോട്ട്ലാൻഡിലെ അബർഡീൻ യൂണി വേഴ്സിറ്റിയിൽ നിന്നും ഗ്രീക്ക് ഭാഷയിൽ എം.എ. ബിരുദവും, 1934–ൽ കേംബ്രിജ്ഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ലാറ്റിൻ ഭാഷയിൽ എം.എ. ബിരുദവും 1963–ൽ മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഹീബ്രൂ ഭാഷയിൽ എം.എ ബിരുദവും നേടുകയുണ്ടായി. 1935 മുതൽ എഡിൻബർഗ് സർവകലാശാലയിൽ ഗ്രീക്ക് ഭാഷാ അദ്ധ്യാപകനായി പ്രവർത്തിച്ചു. 1935 മുതൽ 1978 വരെ എഫ്.എഫ്. ബ്രൂസ് മറ്റ് പല സർവകലാശാലകളിലും അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ബൈബിളിലെ എല്ലാ പുസ്തകങ്ങളും വളരെ ആഴമായി പഠിക്കുവാനും മറ്റുള്ളവരെ പഠിപ്പിക്കുവാനും അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ഒന്നാം നൂറ്റാണ്ട് മുതൽ എട്ടാം നൂറ്റാണ്ടുവരേയുള്ള ക്രിസ്തീയ വിശ്വാസികൾ അവരുടെ വിശ്വാസത്തിനെ മതപരമായും രാഷ്ട്രീയപരമായും സാംസ്കാരികമായും അനുഭവിച്ച ത്യാഗങ്ങളും, വിശ്വാസികളുടെ വളർച്ചയെക്കുറിച്ചും ചരിത്ര പശ്ചാത്തലങ്ങളിലൂടെ ദൈവദാസൻ എഴുതിയ ലേഖനങ്ങളും പുസ്തകങ്ങളും ഏതൊരു വിശ്വാസിക്കും ആവേശവും ധൈര്യവും പ്രോത്സാഹനവും നൽകുന്നതാണ്.

എഫ്. എഫ് ബ്രൂസ് എഴുതിയ അപ്പൊസ്തല പ്രവർത്തികളുടെ പുസ്തക വ്യാഖ്യാനത്തിൽ നിന്നും ഒന്നാം നൂറ്റാണ്ടിലെ ക്രിസ്തീയവിശ്വാസവും പ്രവർത്തനങ്ങളും എങ്ങനെയായിരുന്നു എന്ന് വളരെ വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കുന്നതാണ്. അറുപതിലധികം ബൈബിൾ പഠനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി ഈടുറ്റലേഖനങ്ങൾ പല മാസികകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബൈബിളിലെ പ്രധാന പുസ്തകങ്ങളുടെ വ്യാഖ്യാനഗ്രന്ഥങ്ങളും അദ്ദേഹത്താൽ രചിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം രചിച്ചിട്ടുള്ള വ്യാഖ്യാനഗ്രന്ഥ ങ്ങൾ ലോകത്തിലെ എല്ലാ ബൈബിൾ സെമിനാരികളിലും ഉപയോഗിക്കപ്പെടുന്നവയാണ്. ക്രൈസ്തവഗോളത്തിൽ താൻ നല്കിയ സംഭാവനകൾ ഇന്നും വളരെ വിലപ്പെട്ടതും അനേകർക്ക് പ്രയോജനകരവുമാണ്.

തന്റെ ജീവിതകാലം മുഴുവൻ ബ്രദറൺ സഭകളുമായുള്ള കൂട്ടായ്മ ബന്ധം നിലനിർത്തിപോന്നു. വ്യക്തിപരമായി തനിക്ക് ലഭിച്ച ഉപദേശ ബോദ്ധ്യങ്ങളിൽ നിലനിന്നുകൊണ്ട് തന്നെ, മറ്റുള്ളവരുമായി ക്രിസ്തുവിലുള്ള കൂട്ടായബന്ധം നിലനിർത്തുവാൻ താൻ ശ്രമിച്ചിരുന്നു. 1980–കളിൽ സുവി: പൌലോസ് തുടിയൻ, എഫ്.എഫ്. ബ്രൂസുമായി കത്തുകളിലൂടെ പല അഭിപ്രായങ്ങളും ആശയങ്ങളും അന്യോന്യം പങ്കുവെക്കുവാൻ ഇടയായിട്ടുണ്ട്.

ക്രൈസ്തവ ലോകത്തിൽ ജീവിച്ചിരുന്ന ബൈബിൾ പണ്ഡിതന്മാരിൽ ഏറ്റവും സ്വാധീനം ചെലുത്തിയ വ്യക്തിത്വമായിരുന്നു പ്രൊഫസർ ഫ്രെഡറിക് ഫൈവിബ്രൂസ്. ഇന്ന് ലോകത്തുള്ള അനേക വേദപണ്ഡിതന്മാരും എഫ് .എഫ്. ബ്രൂസിന്റെ ശിഷ്യന്മാരാണ്. ഇന്ന് എഴുതപ്പെടുന്ന ക്രൈസ്തവ ഗ്രന്ഥങ്ങളുടെ ഏറ്റവും അവസാന പേജിൽ കൊടുത്തിരിക്കുന്ന ഗ്രന്ഥസൂചിക (BIBLIOGRAPHY) നോക്കിയാൽ എഫ്.എഫ്. ബ്രൂസിന്റെ പേര് കാണുവാൻ സാധിക്കും .



ബിജോയ് തുടിയൻ

ക്രിസ്തുവിന്റെ സ്നേഹത്താൽ ലോകത്തിലുള്ള എല്ലാ ദൈവമക്കളെയും സ്നേഹിക്കുവാനും അവരെ അംഗീകരിക്കുവാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട് വളരെ താഴ്മയും വിനയവും ഉള്ള വ്യക്തിത്വത്തിന്റെ ഉടമയും ക്രൈസ്തവ ലോകത്തിന് അതുല്ല്യമായ സംഭാവനകൾ നൽകിയ ദൈവഭക്തനായി രുന്നു എഫ്.എഫ്. ബ്രൂസ്. 1990 സെപ്റ്റംബർ 11 അദ്ദേഹം വിശ്വസിക്കുകയും സ്നേഹിക്കുകയും ചെയ്ത കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു.

ഇങ്ങനെയുള്ള ദൈവ ഭക്തന്മാരെ നമുക്ക് നൽകിയ കർത്താവിന് നന്ദി അർപ്പിക്കാം . അവരുടെ വിശ്വാസവും കർത്താവി നോടുള്ള ഭയവും ഭക്തിയും അനുസരണവും സ്നേഹവും അർപ്പണവും ഒക്കെ നമുക്കെല്ലാവർക്കും ഒരു നല്ല മാതൃകയാക്കുവാൻ ദൈവം നമ്മെ എല്ലാവരെയുംസഹായിക്കുമാറാകട്ടെ .

“ഇന്നു മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതെ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു എന്ന് ആത്മാവ് പറയുന്നു” വെളിപ്പാട്14:13.

# ആത്മീയന്റെ ശത്രുക്കൾ
## ലോകം, ജഡം, പിശാച്



റെജി ഈട്ടിമൂട്ടിൽ

### 2.ആത്മീക പോരാട്ടം

വിശ്വാസി പോർക്കളത്തിൽ നിൽക്കുന്ന ഒരു പടയാളികൂടിയാണ്. (2 തിമൊ.2:3) ഈ യുദ്ധഭൂമിയിൽ മരണം വരിക്കാനല്ല, വിജയം വരിക്കാനാണ് ദൈവം തന്റെ ജനത്തെ പടചേർത്തിരിക്കുന്നത്. ഈ ആത്മീക പോരാട്ടത്തിനായി അണിചേർന്നിട്ടുള്ള ക്രിസ്താനുഗാമികൾ എല്ലാവരും തിരു പോരാ ട്ടത്തെക്കുറിച്ച് നല്ല ബോധ്യമുള്ള വരായിരിക്കണം. ആത്മീക യുദ്ധത്തെ ക്കുറിച്ച് ഏഴു വസ്തുതകൾ താഴെ വിവരിക്കുന്നു.

#### 1. യുദ്ധമേഖല (battle field)

തിരുപ്പോരാട്ടം ആന്തരീകമാണ് ബാഹ്യമല്ല. ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കാൻ ആഗ്രഹിക്കുന്ന സകലഭക്തരും തിരിച്ചറിയുന്ന ഒരു വസ്തുതയാണ് ആത്മീകപോരാട്ടത്തിന്റെ തലം ഒരുവന്റെ ആന്തരീക മേഖല ആകുന്നു എന്നത്. മനുഷ്യന്റെ അന്തർതലത്തിൽ മൂന്നു കേന്ദ്രങ്ങളിലാണ് ആത്മീകയുദ്ധം സമരസമാകുന്നത്. മനസ്സ് ഒരു യുദ്ധക്കളം ആന്തരീകമായ പോരാട്ടം അധികമായി നടക്കുന്നത് മനുഷ്യ മനസ്സിലാണ്. നിരന്തരം നന്മയും തിന്മയും തമ്മിലുള്ള പോർവിളി ഉയരുന്ന യുദ്ധഭൂമിയാണ് മനസ്സ്. ദുഷ്ചിന്തകളും സത്ചിന്തകളും ഇവിടെ സമരസജ്ജമാകു ന്നു. നന്മ ചെയ്യുവാനുള്ള താല്പര്യം എനിക്കുണ്ട് പ്രവർത്തിക്കുന്നതോയില്ല (റോമ.7:18). മോഹ ങ്ങൾ ജനിക്കുമാറ് ജഡത്തിനായി ചിന്തിക്ക രുത്(റോമ.13:14). മനുഷ്യ മനസ്സി ലുണ്ടാവുന്ന കടുത്തസമ്മർദ്ദത്തിന്റെ നേർചിത്രങ്ങളാണീ വചനങ്ങൾ .ഹൃദയം ഒരു അടർക്കളം അകത്തു നിന്നു, മനുഷ്യരുടെ ഹൃദയത്തിൽ നിന്നു തന്നെ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷ ങ്ങളെല്ലാം അകത്തു നിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു (മർക്കൊ.7:21–23). ഈ ദോഷങ്ങളെല്ലാം ഹൃദയമായ പോർക്കളത്തിൽ ആദ്യം സംഭവി ക്കുന്നു. അനന്തരം പാപമായി മണ്ണിൽ പിറക്കുന്നു. മനസാക്ഷി ഒരു പോർക്കളം തെറ്റും ശരിയും വേർതിരിച്ചു കാണിക്കുന്ന ധർമ്മമാണ് മനസാക്ഷിയുടേത്. മനസാക്ഷിയുടെ ഓർമ്മപ്പെടുത്ത വക വെക്കാതെ തെറ്റു കൾ ചെയ്യുമ്പോൾ മനസാക്ഷി ഒരുവനെ കുറ്റപ്പെടുത്തുന്നു. ആ തെറ്റുകൾ ആവർത്തിക്കുമ്പോൾ മനസാക്ഷി മലീമസം ആകുകയും മരവിച്ച അവസ്ഥ പ്രാപിക്കുകയും ചെയ്യുന്നു (തീത്തൊ.1:15, 1തിമൊ.4:2, 2പത്രൊ.2:8).

#### 2) ശത്രുക്കൾ (enemies)

ആത്മീകപോരാട്ടത്തിൽ ജയം ഉറപ്പാക്കണമെങ്കിൽ ശത്രു ആരാണെന്നു ശരിയായ ധാരണ ഉണ്ടായിരിക്കണം. കൂടാതെ; എതിരാളിയുടെ പക്കലുള്ള ആയുധങ്ങളെ യും പ്രതിയോഗിയുടെ യുദ്ധതന്ത്രങ്ങളും മനസ്സിലാക്കിയിരിക്കണം. ദൈവജനത്തിന്റെ ശത്രുത്രയങ്ങൾ ആരെല്ലാമാണ്?

**ലോകം**–ബാഹ്യശത്രുദൈവം രൂപകല്പന ചെയ്ത സുന്ദരമായ വിശ്വവ്യവസ്ഥിതി യെ സാത്താൻ മ്ലേച്ഛവും വികൃതവുമായി മാറ്റി മറിച്ചു. ദൈവത്തിന്റെ ഇഷ്ടത്തോടും പദ്ധതികളോടുമുള്ള നിസ്സംഗതയും എതി ർപ്പുമാണ് ഇതിനു കാരണം. ആത്മീക വെളിച്ചവും ധാർമ്മികമൂല്യങ്ങളും തൻ നിമിത്തം ലോകത്തിൽനിന്നും നഷ്ടമായി. പാപം മൂലമാണ് ലോകത്തിന്റെ ദൈവസ്വ രൂപം സാത്താൻ മാറ്റിമറിച്ചത്. ജഡമോഹത്തിലേക്കും പാപപ്രലോപനങ്ങളിലേക്കും സാത്താന്യ രാജ്യത്തിലേക്കും മാടിവിളിക്കുന്ന വശ്യമായ ബാഹ്യ എതിരാളിയാണ് ഒരു ആത്മീകന് എക്കാലവും ഈ ലോകം (എഫെ 2:2, റോമ.12:1,2. 1യോഹ.2:15,16;5:19).യ) ജഡം – ആന്തരീക ശത്രു സകല മനുഷ്യരിലും വസിക്കുന്ന പാപസ്വഭാവത്തെയാണ് ജഡം എന്നതു കൊണ്ട് വേദപുസ്തകം അർത്ഥ മാക്കുന്നത്. ആദാമിൽനിന്നും പരമ്പരാഗ തമായി പകർന്നു കിട്ടിയതാണീ പാപസിദ്ധി. ഉന്മാദവും ലൈംഗീകതയും ക്രമരഹിതവുമായ വികാരചേഷ്ഠകളും നിറഞ്ഞതാണ് ജഡസ്വഭാവം. മർത്യശരീരാവയങ്ങളിൽ വസിക്കുന്ന ഈ ജഡസ്വഭാവത്തിൽ നിന്നാണ് പാപരാഗങ്ങൾ ഉത്ഭവിക്കുന്നത്. ജഡത്തിന്റെ ചിന്തകളാൽ മോഹവും മോഹത്താൽ പാപവും പാപത്താൽ മരണവും പിറക്കുന്നു (റോമ.13:16, യാക്കോ.1:15)

**പിശാച് – പൊതുശത്രു**

പിശാച് മിഥ്യയല്ല യാഥാർത്യമാണ്; ഒരു ശക്തിയല്ല വ്യക്തിയാണ്, വിരൂപിയല്ല വീണുപോയ മാലാഖയാണ്. സർവ്വതിന്മകളുടെയും മൂർത്തിമൽഭാവം. ദൈവത്തിന്റെയും മനുഷ്യന്റെയും പൊതുശത്രു. ഭോഷ്കിന്റെ പിതാവും നന്മകളുടെ അന്തകനും എതിരാളിയുമാണ് സാത്താൻ. കനിവും കരുണയും ഇല്ലാത്ത കള്ളൻ. മനഷ്യാത്മാക്കളെ മോഷ്ടിക്കുകയും അറുക്കുകയും മുടിക്കുകയും ചെയ്യുന്ന ദുഷ്ടൻ (1പത്രൊ.5:8, യോഹ.8:44;10:10).

# BRETHREN DISTINCTIVES 21



## WE PROCLAIM JESUS: THE PERFECT GOD-MAN



Dr. Johnson C. Philip

One of the most important doctrines of the Bible is related to the two natures of Lord Jesus. For convenience this is often called the Doctrine of the Hypostatic Union.

According to this doctrine, Lord Jesus is a unique person in this Universe who is both God as well as man. He is perfect God, and perfect (sinless) man in one person. His divinity and his humanity are inseparably united with each other in such a way that He is one person, not two. At the same time, there is no admixture of the human into the divine or the divine into the human. Thus the divine nature was not changed when he became flesh or human (John 1:1,14). Instead, the divine nature was joined with the human without any confusion of nature (Colossians 2:9).

The two natures are totally separate yet act as a unit in the one person of Jesus. This is called the Hypostatic Union. While it is easy for people to think of a person as God or as man, it is difficult for the unregenerate world to think of a God-man who is fully God and fully human. Even for the regenerate people it is at times difficult to properly understand this doctrine because the coming together of the infinite divine nature with the finite human nature is not at all easy to understand or comprehend.

Implications of the Doctrine: The doctrine of God-man-saviour is very important from a number of angles. First of all, the divine involvement was essential because God wanted to bear the penalty of human sins. This would be possible only if God were the party who bore the punishment for human sins. However, God who is perfectly righteous cannot bear such a penalty and thus a human was needed to bear sins.

God could not have created a human being afresh, because such a creation would not be from the race of Adam. At the same time, from the race of Adam He could not get a human who would be perfectly sinless as the sin nature taints the entire Adamic race. Yet, the Saviour needed to be Adamic in race so that he could bear the sins upon himself.

All of these things were satisfied when Lord Jesus (perfect God) came into this world through Mary's womb. Since He was God, human sins were borne by God Himself. Since He was born of Mary, He was from the Adamic race. Yet since He was conceived of a virgin, the human sin nature was not passed on to Him, and thus He was a sinless human being from the Adamic race. Thus, Hypostatic Union and Virgin Birth together made it possible for God to freely bear the sins of mankind through a sinless son of Adam.

It was not necessary for God to go to all this length to save mankind. However, it is His infinite love towards mankind that He did so. Thus, we the saved ones should always be grateful for the incarnation, the virgin-birth, and the God-man Jesus.

Distortions of the Doctrine: Natural man cannot understand the things of God because he does not have the Holy Spirit in him to make him comprehend these things. Even the committed believer often finds it difficult to grasp the full range or implications of many doctrines when the doctrine involves a fusion of the finite and the infinite. Thus many have tried to mould the doctrine of Hypostatic Union in such a manner that it fits in well with their carnal or human intellect.

Obviously, doctrines manipulated so as to fit with human taste will become heresy. Thus, there are many heresies related to the Hypostatic Union. The first error is to proclaim that the two natures of Jesus have some kind of an admixture. This error is called Eutychianism. Another one says that the two natures mingled with each other to become a single nature. This heresy is called Monophysitism. The Jehovah's Witnesses focus on Jesus' humanity and ignore His divinity. The Christian Science sect emphasizes the divinity and ignores the humanity. Whenever the finite man tries to explain the infinite as per his taste and logic, errors are bound to arise. We see a lot of this in relation to the Hypostatic Union of Christ.

Summary: That God became man in Lord Jesus Christ so that God could bear the sins of mankind upon Himself is an amazing demonstration of God's love. That He had to take a human nature upon himself through virgin birth of Christ is another amazing fact of God's work for redemption. All of this should humble each one of us, motivating us to live with great commitment.

[The author is a Brethren theologian and apologist, devoted to Bible exposition and evangelism]

# PRESIDENT POLICE MEDAL FOR MERITORIOUS SERVICE IN 2021 TO Sri. G. SPARJAN KUMAR I P S

Hailing from rural village in Guntur district of Andhra Pradesh. Parents are elementary school teachers. My family consists of 4 brother and 4 sisters (one sister expired long back). All are settled at Andhra and working in teaching field. My father while working as teacher could able to actively engaged in Lords work and could able to spread the Gospel in the surrounding villages.

Studied in government schools. Dreamt of studying medicine but not able to get a seat but joined in Agricultural studies and completed Masters in Agriculture. Went to Delhi in search of job stayed in friend's place. Wrote UPSC civil services exam not able to clear for prelims, again wrote in the next year got into group B service at Delhi in 2000.

Next year not able to clear the prelims



exam got too much disturbed got encouragement from his father again wrote the exam in 2001 and got selection to Indian Police Service and allotted to kerala cadre in 2002.


First posted at ASP Palakkad worked as SP at Palakkad, Wayanad, Commissioner Kozhikode and Commandant MSP and other battalions. After promotion as Deputy Inspector General of police worked as commissioner of Police, Thiruvananthapuram City and worked in Intelligence and as MD Beverages Corporation. After promotion to Inspector General of Police worked in Crime branch. Presently working as Commissioner of Police Thiruvanthapuram City from January 2022. In recognition of service rendered got PRESIDENT POLICE MEDAL FOR MERITORIOUS SERVICE IN 2021.`

Married in 2006 wife is a Doctor, name Synthiya, blessed with two children Samuel joe, 9th Standard, and Shrestha Daniel studying in 5th standard. Sir, Christheeya Dershanam Editorial Board congratulate you.



## എക്ലേസിയ എന്ന ദൈവസഭ

# ദൈവസഭാംഗങ്ങൾക്ക് മരണത്തിനപ്പുറമുള്ള പ്രത്യാശ



ഡോ. കെ. സി. ജോൺസൺ

ഭൂമിയിലെ മിക്കവാറും എല്ലാ ജീവിതങ്ങളിലും കാണപ്പെടുന്ന ഏറ്റവും വലിയ ഭയം മരണ ഭയമാണ്. അതിനെ ഭയന്ന് ഒരു ശവ സംസ്കാര ചടങ്ങിൽപ്പോലും പങ്കെടുക്കാത്തവരുണ്ട്. നാം എത്ര കണ്ണടച്ചാലും അതിൽ നിന്ന് ഓടിയാലും, ഈ ഭൂമിയിൽ ജീവിക്കുന്ന എല്ലാ ജീവികളും മരണത്തെ കണ്ടുമുട്ടേണ്ടിവരും; അത് സാർവത്രികമാണ്. മരണം യാഥാർത്ഥ്യമാണ്. എന്നാൽ മരണത്തിനപ്പുറമുള്ള ഒരു പ്രത്യാശയുണ്ട്. ആ പ്രത്യാശ ഉയിർത്തെഴുന്നേറ്റ യേശുക്രിസ്തുവിൽ കേന്ദ്രീകരിച്ചിരി ക്കുന്നു.

മരണാനന്തര ജീവിതത്തെക്കുറിച്ചുള്ള സംശയങ്ങൾ സാധാരണമാണ്. മനുഷ്യന്റെ ഒരു പ്രതിനിധിയായി ഇയ്യോബ് ചോദിക്കുന്നു, "മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?" (ഇയ്യോബ് 14:14). ഇയ്യോബിനെപ്പോലെ നമ്മുടെ മനസ്സിലും ഇതുപോലെയുള്ള ചോദ്യങ്ങൾ ഉയർന്നുവന്നിട്ടുണ്ടാകാം.

"നീതിമാനോ മരണത്തിലും പ്രത്യാശയുണ്ട്" (സദൃ.14:32). ഇയ്യോബിനെപ്പോലെയുള്ള പഴയനിയമ ഭക്തന്മാർക്ക് ശവക്കുഴിക്കപ്പുറവും പ്രത്യാശ ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഇയ്യോബ് പറഞ്ഞത്, "എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു എന്നും അവൻ ഒടുവിൽ പൊടിമേൽ നില്ക്കുമെന്നും ഞാൻ അറിയുന്നു. എന്റെ ത്വക്ക് ഇങ്ങനെ നശിച്ചശേഷം ഞാൻ ദേഹസഹിതനായി ദൈവത്തെ കാണും. ഞാൻ തന്നേ അവനെ കാണും; അന്യനല്ല, എന്റെ സ്വന്തകണ്ണു അവനെ കാണും" (ഇയ്യോബ് 19:25–27). പഴയനിയമകാല ഭക്തന്മാർക്കും ദേഹസഹിതമായ ഭാവികാല ജീവിതത്തെക്കുറിച്ചുള്ള ഒരു പ്രത്യാശയുണ്ടായിരുന്നു എന്നത് ഈ 26–ാം വാക്യം വ്യക്തമാക്കുന്നു; 27–ാം വാക്യത്തിലെ "എന്റെ സ്വന്തകണ്ണു അവനെ കാണും" എന്നത് പ്രത്യാശയെ ഉറപ്പിക്കുകയും ചെയ്യുന്നു.

പഴയനിയമകാല ഭക്തന്മാരുടെ ഉയിർത്തെഴുന്നേല്പ് മഹോപദ്രവകാലത്തിനുശേഷം ആയിരിക്കുമെന്ന് ദാനീയേൽ പ്രവചനം പഠിപ്പിക്കുന്നുണ്ട്: "ആ കാലത്തു നിന്റെ സ്വജാതിക്കാർക്കു തുണനില്ക്കുന്ന മഹാപ്രഭുവായ മീഖായേൽ എഴുന്നേല്ക്കും; ഒരു ജാതി ഉണ്ടായതുമുതൽ ഈ കാലംവരെ സംഭവിച്ചിട്ടില്ലാത്ത കഷ്ടകാലം ഉണ്ടാകും; അന്നു നിന്റെ ജനം, പുസ്തകത്തിൽ എഴുതിക്കാണുന്ന ഏവനും തന്നേ, രക്ഷപ്രാപിക്കും. നിലത്തിലെ പൊടിയിൽ നിദ്ര കൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവന്നായും ചിലർ ലജ്ജെക്കും നിത്യനിന്ദെക്കുമായും ഉണരും" (ദാനീ. 12:1–2).

ദൈവസഭാംഗങ്ങൾക്കും മരണത്തിനപ്പുറം പ്രത്യാശയുണ്ട് എന്ന് ബൈബിൾ വ്യക്തമാക്കുന്നുണ്ട്.

### 1. ദൈവസഭാംഗങ്ങൾക്ക് മരണം അവസാനമല്ല, ഒരു പുറപ്പാടാണ്

മനുഷ്യന്റെ ആത്മാവ് അവന്റെ ശരീരം വിടുന്ന സന്ദർഭമാണ് മരണം (2 കൊരി. 5:8). മരണത്തോടുകൂടി എല്ലാം അവസാനിക്കുന്നില്ല. മരണം ഒരു പുറപ്പാടാണ്. അത് ഈ ജീവിതത്തിൽ നിന്നുള്ള ഒരു പുറപ്പാടാണ്. അത് പാപം ചെയ്യുന്നതിന് നമ്മെ പ്രേരിപ്പിക്കുന്ന ഈ ലോകത്തിൽ നിന്നുള്ള ഒരു പുറപ്പാടാണ്. മാത്രമല്ല, അത് പാപം ചെയ്യുന്നതിന് നമ്മെ സ്വാധീനിക്കുന്ന നമ്മുടെ ശരീരത്തിൽ നിന്നുള്ള ഒരു പുറപ്പാടുമാണ്. ശാരീരിക മരണത്തിൽ മനുഷ്യന്റെ ആത്മാവ് അവന്റെ ശരീരത്തിൽനിന്നും താല്കാലികമായി വേർപെടുകയാണ്. ഫിലി. 1:23–ൽ "വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു" എന്ന് പൗലൊസ് പ്രസ്താവിക്കുന്നതിൽ "വിട്ടു പിരിയുക" എന്നത് മരണത്തിൽ സംഭവിക്കുന്ന ഈ പുറപ്പാടിനെ കാണിക്കുന്നു. 2 തിമൊ. 4:6–ലെ "എന്റെ നിര്യാണകാലവും അടുത്തിരിക്കുന്നു" എന്നത് "എന്റെ പുറപ്പെടലിന്റെ സമയം സമാഗതമായി" എന്നാണ് ശരിയായി തർജ്ജമ ചെയ്യേണ്ടത്. ഈ പരാമർശവും ദൈവസഭാംഗങ്ങൾക്ക് മരണത്താൽ സംഭവിക്കുന്ന പുറപ്പാടിന്റെ ചിത്രമാണ് നൽകുന്നത്.

### 2. ദൈവസഭാംഗങ്ങൾക്ക് മരണം ഒരു എത്തിച്ചേരലാണ്

ശരീരം വിടുന്ന ഒരു ദൈവസഭാംഗത്തിന്റെ ആത്മാവ് ക്രിസ്തുവിന്റെ സന്നിധിയിൽ എത്തിച്ചേരുന്നു എന്ന് "വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു" (ഫിലി. 1:23) എന്ന വചനം വ്യക്തമാക്കുന്നു. മരിക്കുന്ന വിശ്വാസികളുടെ ആത്മാക്കൾ ചില ദിവസങ്ങൾ ഊടാടി നടന്നിട്ടല്ല ക്രിസ്തു സന്നിധിയിൽ ചേർക്കപ്പെടുന്നത്. മരിക്കുന്ന ആ ക്ഷണത്തിൽ വിശ്വാസികളുടെ ആത്മാക്കൾ കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെടുമെന്ന് വചനം വ്യക്തമാക്കുന്നു. 2 കൊരി. 5:8–ൽ പൗലൊസ് പഠിപ്പിക്കുന്നത് ഇപ്രകാരമാണ്, "ഇങ്ങനെ ഞങ്ങൾ ധൈര്യപ്പെട്ടു ശരീരം വിട്ടു കർത്താവിനോടുകൂടെ വസിപ്പാൻ അധികം ഇഷ്ടപ്പെടുന്നു."

മരണശേഷം മതവും മനുഷ്യരും മക്കളും ചെയ്യുന്ന ക്രിയകൾ കൊണ്ട് സ്വർഗ്ഗത്തിലേക്ക് പ്രോമോഷൻ ലഭിക്കുമെന്നത് ഒരു വ്യാമോഹം മാത്രമാണ്. യേശുക്രിസ്തു പഠിപ്പിച്ച ധനവാന്റെയും ലാസറിന്റെയും ചരിത്രം (ലൂക്കൊസ് 16:19 മുതൽ 31 വരെ) വായിച്ചു മനസ്സിലാക്കുന്നതിന് ഒന്ന് ശ്രമിച്ചാൽ അത് താങ്കളുടെ തെറ്റിദ്ധാരണ നീക്കുന്നതിനു താങ്കളെ സഹായിക്കും. മാനസാന്തരപ്പെട്ട് താങ്കൾക്കുവേണ്ടി മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേറ്റ രക്ഷകനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിന് താങ്കളെ ദൈവം സഹായിക്കട്ടെ.

### 3. ക്രിസ്തുവിൽ മരിച്ച ദൈവസഭാംഗങ്ങൾക്ക് ഒരു ഉയിർത്തെഴുന്നേല്പുണ്ട്

ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാനമാണ് പുനരുത്ഥാനം. ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റതിനാൽ ക്രിസ്തുവിൽ മരിച്ച ദൈവസഭാംഗങ്ങളും ഉയിർത്തെഴുന്നേൽക്കുമെന്ന് ബൈബിൾ വ്യക്തമാക്കുന്നു: "ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു. മനുഷ്യൻമൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻമൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ (1 കൊരി. 15:20–23).

യേശുക്രിസ്തുവിന്റെ പുനരുത്ഥാനം മരണാനന്തര ജീവിതത്തിന്റെ ആത്യന്തിക തെളിവാണ്. വീണ്ടും ഉയിർപ്പിക്കപ്പെടുന്നവരുടെ വലിയ വിളവെടുപ്പിന്റെ ആദ്യത്തേത് മാത്രമാണ് യേശുക്രിസ്തുവിന്റെ ഉയിർപ്പ്. ദൈവം യേശുക്രിസ്തുവിന്റെ ശരീരം ഉയിർപ്പിച്ചതുപോലെ, ക്രിസ്തുവിന്റെ മടങ്ങിവരവിൽ രക്ഷിക്കപ്പെട്ട ദൈവമക്കളുടെ ശരീരങ്ങളും ഉയിർത്തെഴുന്നേൽക്കും (1 കൊരിന്ത്യർ 6:14; 1 കൊരി. 15:52; 1 തെസ്സ. 4:14–16). അങ്ങനെ ഉയിർത്തെഴുന്നേൽക്കുന്നവർക്ക് ക്രിസ്തുവിന്റെ തേജസ്ക്കരിക്കപ്പെട്ട ശരീരത്തോട് സാദൃശ്യമുള്ള ശരീരം ലഭിക്കും (റോമർ 8:29; ഫിലി. 3:20–21; 1 യോഹ. 3:2). അവർ എപ്പോഴും കർത്താവിനോടുകൂടെ ആയിരിക്കും (1 തെസ്സ. 4:17).

എന്നാൽ രക്ഷിക്കപ്പെടാത്തവർക്കും ഒരു ഉയിർത്തെഴുന്നേൽപ്പുണ്ട്. അവരെ ന്യായാധിപനായ ക്രിസ്തു ന്യായം വിധിച്ച് തീയും ഗന്ധകവും കത്തുന്ന പൊയ്കയിലേക്ക് വലിച്ചെറിയും (വെളി. 20:11–15; 21:8). പാപിയായ മനുഷ്യനു പിതാവായ ദൈവം വിധിച്ച മരണശിക്ഷ, ദൈവം മനുഷ്യനായിത്തീർന്ന യേശുക്രിസ്തു ഏറ്റെടുത്തുകൊണ്ട് പാപിയായ മനുഷ്യനു പകരമായി കാൽവറി ക്രൂശിൽ മരിച്ചു. ഈ ക്രിസ്തു മരണത്തെ ജയിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ഈ യേശുക്രിസ്തു എന്റെ രക്ഷകനും കർത്താവുമാണ് എന്ന് ആര് വിശ്വസിച്ച് ഏറ്റുപറയുന്നുവോ അവർക്കു ദൈവം പാപക്ഷമ നൽകുന്നു; നിത്യജീവൻ നൽകുന്നു. അവർ അക്ഷണം ദൈവസഭയുടെ ഭാഗമായിത്തീരുന്നു. "പുത്രനുള്ളവനു ജീവൻ ഉണ്ട്; ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല" (1 യോഹ. 5:12). ആരും ഈ മഹൽസത്യത്തെ തള്ളിക്കളഞ്ഞിട്ട് നാശത്തിലേക്ക്, നിത്യനരകത്തിലേക്ക് നിപതിക്കാതിരിക്കട്ടെ!

▶▶1

## ക്രൈസ്തവ സഭാസംഗമം: വയനാട്



എന്നത് ഒരു വലിയകടം വീട്ടുന്നതിനുള്ള അവസരങ്ങൾ ആണ്. പൗലൂസ് തന്റെ ജീവിതം കൊണ്ട് കടം വീട്ടിയതിന് ശേഷം, സംതൃപ്തിയോടെ പറഞ്ഞു. "ഞാൻ നല്ല പോർ പൊരുതി, ഓട്ടം തികച്ചു, വിശ്വാസം കാത്തു.." സുവിശേഷം അറിയിക്കുക എന്നത് അടിയന്തിര പ്രാധാന്യമുള്ളകാര്യമാണ്. ഏതു സമയത്തും ഏത് സാഹചര്യത്തിലും അറിയിക്കാൻ നാം ഒരുങ്ങിയിരിക്കണം. കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട പൗലൂസ് പറയുന്ന വാക്കുകൾ പ്രസക്തമാണ്, "എനിക്ക് ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃത്തിക്ക് കാരണമായി! അതിന്റെ ഫലം ഫിലിപ്പ് ലേഖനം അവസാനിക്കുമ്പോൾ കാണാൻ കഴിയും. കൈസരുടെ അരമനയിൽ ഉള്ളവർ നിങ്ങൾക്ക് വന്ദനം ചെയ്യുന്നു. "സുവിശേഷം അറിയിക്കാൻ ഉള്ള പ്രധാന തടസ്സങ്ങളിൽ ഒന്ന്, മനുഷ്യന്റെ ലജ്ജയാണ്.

ബ്രദർ ജിജു ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സഭാസംഗമം ബ്രദ. സജി ജോൺ ഉൽഘാടനം ചെയ്തു. ബ്രദ. റ്റി.ജി. രാജു (ചെറുകാട്ടൂർ), പി.സി. ചെറിയാൻ (കൊയിലേരി), കെ.എം. വിൽസൺ (താന്നിക്കൽ) എന്നിവരുടെ പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. സുവിശേഷകന്മാരായ യു.എം. പൗലോസ്, പി.വൈ. കുഞ്ഞുമോൻ, ഇട്ടി സാംഷിബു തോമസ്, പി.എം. മാത്യു (ടോമി), ഡോ. സാംസൺ സാം, അനിൽ എസ്. അമ്പലവയൽ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. സഹോ. ബിജോയ് തുടിയൻ സ്വാഗതവും സുവി. ഗോഡ്സൺ വാലയിൽ കൃതജ്ഞതയും രേഖപ്പെടുത്തിയ ക്രൈസ്തവസഭാ സംഗമം സുവി. പി.എം. സൈമണന്റെ പ്രാർത്ഥനയോടെ സമംഗളം പര്യാവസാനിച്ചു.

▶▶7

## മാരകമായ പാപം

യി തീരാറില്ലെ? യഹോവ പിന്നെയും മോശെയോടും അഹരോനോടും അരുളിച്ചെയ്തത് ഈ ദുഷ്ട സഭ എത്രത്തോളം എനിക്ക് വിരോധമായി പിറുപിറുക്കും. യിസ്രായേൽ മക്കൾ എനിക്ക് വിരോധമായി പിറുപിറുക്കുന്നത് ഞാൻ കേട്ടു. ഈ മരുഭൂമിയിൽ നിങ്ങളുടെ ശവം വീഴും. യെഫുന്നയുടെ മകൻ കാലേബും നൂന്റെ മകൻ യോശുവയും ഒഴികെ ഇരുപതു വയസ്സു മുതൽ മേലോട്ട് എണ്ണപ്പെട്ടവരായ എല്ലാവരുടെയും ശവം ഈ മരുഭൂമിയിൽ വീഴും, നിങ്ങളുടെ ശവം മരുഭൂമിയിൽ ഒടുങ്ങും വരെ നിങ്ങളുടെ മക്കൾ 40 സംവത്സരം ഇടയരായി ഈ മരുഭൂമിയിൽ സഞ്ചരിക്കും. ആ പിറുപിറുപ്പിന്റെ ഫലം എത്ര ഭയാനകം. അന്നു ദേശം ഒറ്റു നോക്കുവാൻ പോയ 10 പേരും, അവരുടെ കൂട്ടുകാരും യഹോവയുടെ മുമ്പാകെ ഒരു ബാധ കൊണ്ട് മരിച്ചു, അവർ പിറുപിറുപ്പുകാരും തങ്ങളുടെ ഗതിയെക്കുറിച്ച് ആവലാതി പറയുന്നവരും സ്വന്തമോഹങ്ങളെ അനുസരിച്ചു നടക്കുന്നവരുമത്രേ (യൂദ :16). ഈ വക്രതയും കോട്ടവുമുള്ള തലമുറയുടെ മദ്ധ്യത്തിൽ ദൈവം ചെയ്ത നന്മകളെ ഓർത്തുകൊണ്ട് അവന് നന്ദിയുള്ളവരായി പിറുപിറുപ്പു കൂടാതെ ജീവിക്കുവാൻ ദൈവത്തെ മഹത്വപ്പെടുത്തുവാൻ സർവ്വകൃപാലുവായ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
ഒരു ബ്രദറൺ സഭാ വാർത്താ പത്രം

# മാരകമായ പാപം



**സിസ്റ്റർ ശാന്ത ജെ. ഫിലിപ്പ്**

**അ**വരിൽ ചിലർ പിറുപിറുത്തു. സംഹാരിയാൽ നശിച്ചുപോയതു പോലെ നിങ്ങൾ പിറുപിറുക്കയുമരുത്. ഇതു ദൃഷ്ടാന്തമായിട്ട് അവർക്ക് സംഭവിച്ചു. ലോകവസാനം വന്നെത്തിയുമിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു. (1 കൊരിന്ത്യർ 10:10,11).യിസ്രായേൽ ജനത്തെ ഫറവോന്റെ അടിമത്വത്തിൽ നിന്ന് വിടുവിച്ചു. 10 ബാധകളെ ദൈവം മിസ്രയിമ്യരെ അനുഭവിപ്പിച്ചതിന് ശേഷമാണ് അവർ യിസ്രായേൽ ജനത്തെ വിട്ടയച്ചത്. ചെങ്കടലിൽ ഉണങ്ങിയ നിലത്തു കൂടി യാത്ര ചെയ്തു. യഹോവ മിസ്രയീമിൽ ചെയ്ത മഹാപ്രവൃത്തി യിസ്രായേൽ കണ്ട്, ജനം യഹോവയെ ഭയപ്പെട്ട് മോശയിൽ വിശ്വസിച്ചു. അഹരോനും മോശയും ജനവും യിസ്രായേലിന്റെ ദൈവത്തെ പാടി സ്തുതിച്ചു. മിര്യാം എന്ന പ്രവാചകി തപ്പ് എടുത്തു. സ്ത്രീകൾ എല്ലാവരും തപ്പോടും നൃത്തങ്ങളോടും കൂടി ദൈവത്തെ സ്തുതിച്ചു. ആ പാട്ടുകൾ വായിൽ നിന്ന് മാറുന്നതിന് മുൻപായി അവർ യാത്ര ചെയ്തു മാറായിൽ എത്തി. അവിടെ മാറയിലെ വെള്ളം കുടിപ്പാൻ അവർക്ക് കഴിഞ്ഞില്ല. അവർ എന്ത് കുടിക്കും എന്ന് പറഞ്ഞ് മോശെക്ക് നേരെ പിറുപിറുക്കുന്നു.കഴിഞ്ഞ ദിവസങ്ങളിൽ അവരെ നടത്തി പരിപാലിച്ച ദൈവത്തെ അവർ പാടെ മറന്നു. അവന്റെ അത്ഭുതങ്ങളെ മറന്നു. ഇപ്പോൾ പിറുപിറുക്കുന്നു. ദൈവത്തെ അവിശ്വസിക്കുന്നു. നമ്മുടെ അവസ്ഥയും പലപ്പോഴും ഇതു തന്നെയാണ്. ദൈവം അവരെ കൈവിട്ടില്ല. ഒരു വൃക്ഷത്തിന്റെ കൊമ്പ് വെള്ളത്തിൽ ഇടാൻ കല്പിച്ചു. അവർ അത് ഇട്ട് വെള്ളം മധുരമായി തീർന്നു. ദൈവത്തിന്റെ അത്ഭുതങ്ങൾ അവർ കണ്ടു (പുറപ്പാട് 15:25).അവർക്കു മരുഭൂമിയിൽ വഴി കാണിക്കേതിന് പകൽ മേഘസ്തംഭത്തിലും അവർക്ക് വെളിച്ചം കൊടുക്കേണ്ടതിന് രാത്രി അഗ്നിസ്തംഭത്തിലും യഹോവ അവർക്ക് മുമ്പായി പൊയ്ക്കൊണ്ടിരുന്നു. ദൈവത്തിന്റെ അത്ഭുതങ്ങളെ കണ്ടുകൊണ്ടാണ് അവർ ദിവസവും യാത്ര ചെയ്തത്. അവർ വീണ്ടും ഭക്ഷണത്തിന് വേണ്ടി മോശെയ്ക്കും അഹരോനും വിരോധമായി പിറുപിറുത്തു. മിസ്രയീമിൽ ഞങ്ങൾ ഇറച്ചി, മത്സ്യം, വെള്ളരിക്ക, ഉള്ളി, എന്നിവ കൊണ്ടു തൃപ്തരായിരുന്നു. ഇന്ന് ഞങ്ങൾക്ക് ഒന്നുമില്ല. അഹരോൻ ജനത്തോട് പറഞ്ഞു; യഹോവയുടെ നേരെയുള്ള നിങ്ങളുടെ പിറുപിറുപ്പ് അവൻ കേട്ടിരിക്കുന്നു. നിങ്ങൾ ഞങ്ങളുടെ നേരെ പിറുപിറുക്കുവാൻ ഞങ്ങൾ എന്തുള്ളു. (പുറപ്പാട് 16:7) അങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവർ മരുഭൂമിക്ക് നേരെ തിരിഞ്ഞ് നോക്കി, യഹോവയുടെ തേജസ്സ് മേഘത്തിൽ വെളിപ്പെട്ടിരിക്കുന്നത് കണ്ട് യഹോവ മോശെയോട് യിസ്രായേൽ മക്കളുടെ പിറുപിറുപ്പ് ഞാൻ കേട്ടിരിക്കുന്നു നിങ്ങൾ വൈകുന്നേരത്തു മാംസം തിന്നും പ്രഭാത കാലത്തു അപ്പം കൊണ്ടു തൃപ്തരാകും. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ എന്ന് നിങ്ങൾ അറിയും, ദൈവം അവർക്ക് ഭക്ഷണത്തിനായി മന്നയും ഇറച്ചിയും കൊടുത്തു. മന്ന കൊത്തമ്പാലരി പോലെ വെള്ള നിറമുള്ളതും തേൻ കൂട്ടിയ ദോശയുടെ രുചിയുള്ളതും ആയിരുന്നു. സീൻ മരുഭൂമിയിൽ വെച്ചു വീണ്ടും അവർ വെള്ളത്തിനായി പിറുപിറുത്തു മോശ പാറയെ അടിച്ച് അവർക്ക് വെള്ളം കൊടുത്തു.

ഇപ്പോഴോ ഞങ്ങളുടെ പ്രാണൻ പൊരിഞ്ഞിരിക്കുന്നു. ഈ മന്ന അല്ലാതെ ഒന്നും കാണാനില്ല. അനന്തരം ജനം യഹോവയ്ക്കു അനിഷ്ടം തോന്നു മാറ് പിറുപിറുത്തു. യഹോവ കേട്ട് അവന്റെ കോപം ജ്വലിച്ച് യഹോവയുടെ തീ അവരുടെ ഇടയിൽ കത്തി. പാളയത്തിന്റെ അറ്റത്തിലുള്ളവരെ ദഹിപ്പിച്ചു കളഞ്ഞു. ജനം മോശയോട് നിലവിളിച്ചു. തീ കെട്ടുപോയി. സ്നേഹവാനായ കരുതുന്ന യഹോവയ്ക്ക് നേരെ വീണ്ടും വീണ്ടും പിറുപിറുക്കുന്ന യിസ്രായേൽ മക്കൾ. യിസ്രായേൽ മക്കൾ കനാൻ ദേശം ഒരു നോക്കേണ്ടതിനായി 12 പേരെ അയക്കുന്നു. ദൈവത്തിന്റെ ശക്തി കണ്ടവരാണ് ഇവരും യിസ്രായേൽ ജനവും എന്നാൽ അവർ തിരിച്ചു വന്നു പറയുന്നത് അത് പാലും തേനും ഒഴുകുന്ന ദേശം തന്നെ. എങ്കിലും ദേശത്തു പാർക്കുന്ന ജനങ്ങൾ ബലവാന്മാരാണ്. അനാക്യമല്ലന്മാരെ കണ്ടു. അവരുടെ മുമ്പിൽ ഞങ്ങൾക്ക് തന്നെ ഞങ്ങൾ വെട്ടുകിളികളെപ്പോലെ തോന്നി. അവരുടെ യോശുവയും കാലേബും അവരോട് സംസാരിച്ചു എങ്കിലും ജനം അവരെ കല്ലെറിയേണം എന്നു സഭയെല്ലാം പറയുന്നു. കഴിഞ്ഞ കാലത്തിന്റെ പത്തു അത്ഭുതങ്ങൾ, ചെങ്കടൽ പിളർന്നത്, ഫറവോനെയും സൈന്യത്തെയും ചെങ്കടലിൽ തള്ളിയിട്ടത്, മാറയിലെ വെള്ളം മധുരമാക്കിയത്, പാറയിൽ നിന്ന് വെള്ളം പുറപ്പെട്ടത്, മന്ന കൊണ്ട് പോഷിപ്പിക്കപ്പെട്ടത്, എല്ലാം മറന്നു അവർ മോശെയും അഹരോനും വിരോധമായി പിറുപിറുക്കുന്നു. സഹോദരിമാരെ, നമ്മുടെ അവസ്ഥയും ഇതു തന്നെയല്ലേ. പലപ്പോഴും ദൈവം തന്റെ രക്തം തന്ന് നമ്മെ പാപത്തിൽ നിന്ന് വിടുവിച്ചത്, നമ്മെ രക്ഷിച്ചത്, നമ്മുടെ അനേകം പ്രാർത്ഥനകൾ കേട്ട് നമുക്ക് ഉത്തരം തന്നത് നമ്മുക്ക് വെള്ളവും ഭക്ഷണവും വസ്ത്രവും പാർപ്പിടവും തന്നത് എല്ലാം മറന്നു കൊണ്ട് നാമും പിറുപിറുക്കുന്നവരാ

▶▶6

▶▶3

## ഹൃദയങ്ങളെയും ഉൾപ്പൂവുകളെയും

ടിപ്പിക്കുമായിരുന്നു. എന്ന് ചരിത്രം സാക്ഷിക്കുന്നു. വ്യാപാര അഭിവൃദ്ധിക്കും സാമൂഹിക ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഒരു ഉപാധിയായി ഈ സാമൂഹിക സംഗമത്തെ ഗണിച്ചിരുന്നു. ഈ സമൂഹ സദ്യ ഇവിടത്തെ ക്ഷേത്ര മുറ്റത്താണ് സംഘടിപ്പിച്ചിരിക്കുന്നത്. ക്ഷേത്രത്തിലെ പ്രതിഷ്ഠയ്ക്ക് നിവേദിച്ച ഭക്ഷണ മാണ് ഇവിടെ വിതരണം ചെയ്തിരുന്നത്. ഈ സമൂഹ സംഗമത്തിൽ പങ്കെടുക്കുന്ന എല്ലാവരും ഈ വിഗ്രഹാർപ്പിതം ഭക്ഷിച്ചിരുന്നു. സമൂഹ ജീവിതത്തിന്റെ ഭാഗമായി വിഗ്രഹാർപ്പിതം വിശ്വാസികൾ ഭക്ഷിക്കുന്നതിൽ തെറ്റില്ല എന്ന് ഇസബെൽ പഠിപ്പിച്ചു. സാമൂഹിക ബന്ധം ഈ സമൂഹത്തിൽ തുറസ്സായ അധാർമ്മിക ബന്ധങ്ങൾക്കും വഴി തെളിച്ചു. തന്മൂലം ദുർന്നടപ്പു ഒരു പൊതു സ്വീകാര്യ സമ്പ്രദായമായി നിലനിന്നു. ശരീരം പാപത്തിൽ ജീവിക്കുമ്പോൾ ആത്മാവിനെ പവിത്രമായി സൂക്ഷിക്കുന്നതിനുള്ള പ്രാപ്തിയാണ് മോക്ഷമായി ഈ പട്ടണവാസികൾ കണ്ടിരുന്നത്. അതേ തത്വം സഭയിൽ കൊണ്ടുവന്ന വ്യക്തിയാണ് ഇസബെൽ. പാപം ചെയ്യുന്നത് തെറ്റല്ല എന്നു ഇസബെൽ ഉപദേശിച്ചു.

ആ സാമൂഹിക പശ്ചാത്തലത്തിൽ നിന്നും വിശ്വാസത്തിൽ വന്നവർക്ക് ഏറ്റവും സ്വീകാര്യമായ ഒരുഉപദേശമായിരുന്നു ഇസബെലിസം. ദുർന്നടപ്പു ആചരിക്കുവാനും വിഗ്രഹാർപ്പിതം തിന്നുവാനും അവർ വിശ്വാസികളെ പ്രോത്സാഹിപ്പിച്ചു (വാ. 20).

സഭയിലെ നല്ലൊരു കൂട്ടം വിശ്വാസികൾ ഇവരുടെ കൂടെ ദുർന്നടപ്പിൽ മുഴുകി ജീവിച്ചു. മറ്റൊരു കൂട്ടർ മാനസികമായി അവർക്ക് പിന്തുണയുമായി നിലകൊണ്ടു. ഇവർ പരസ്യമായിവ്യഭിചാരത്തിൽ ഏർപ്പെട്ടില്ല എങ്കിലും വിശ്വാസികൾ ദുർന്നടപ്പിൽ ജീവിക്കുന്നത് അനുമോദിക്കുന്ന വ്യക്തികൾ ആയിരുന്നു. ഇവരുടെ ഈ അനുമോദനം വ്യഭിചാരമായി തന്നെ കർത്താവ് കാണുന്നു എന്നത് ദൂതിൽ വ്യക്തമാക്കുന്നു. ഹൃദയങ്ങളെയും ഉൾപ്പൂവുകളെയും അറിയുന്നു എന്നത് ഈ വിഷയത്തെയാണ് എടുത്തുകാണിക്കുന്നത്. വിശ്വാസികൾ പാപം ചെയ്യുവാൻ അനുവദിക്കുന്നതും അനുമോദിക്കുന്നതും ആ പാപത്തിൽ ഇടപെടുന്നതിനു തുല്യമായി കർത്താവ് കാണുന്നു.

ഇസബെലിസം അംഗീകരിക്കാതെയും അനുമോദിക്കാതെയും ജീവിത വിശുദ്ധിയിൽ തികവുള്ളവരായി ചെറിയൊരു കൂട്ടം ആ സഭയിൽ ഉണ്ടായിരുന്നു. അവരുടെ ത്യാഗപൂർണ്ണമായ

ജീവിതത്തെ കർത്താവ് അനുമോദിക്കുന്നു. ഭൂരിഭാഗവും പാപത്തിന്റെ വഴിയെ സഞ്ചരിക്കുകയും പാപത്തെ അനുമോദിക്കുകയും ചെയ്യുമ്പോൾ ഒറ്റക്ക് നിന്നായാലും പാപത്തോടു എതിർത്ത് നിൽക്കുന്നത് ത്യാഗപൂർണ്ണമായ കാര്യമാണ്. പരിഹാസവും നിന്ദയും പീഢനവും അവർ സഹിക്കേണ്ടിവരും. സാത്താന്റെ ആഴങ്ങൾ അറിയാത്തവർ എന്ന് ഇസബെൽ സംഘം അവരെ പരിഹസിക്കുന്നു.

സകലവിധ പാപപ്രവർത്തികളിലും മനഃപൂർവ്വം മുഴുകി അതിനെ ആവോളം ആസ്വദിക്കുന്നവരെയാണ് സാത്താന്റെ ആഴങ്ങൾ അറിഞ്ഞവർ എന്ന് പറയുന്നത്. ഒറ്റ വാക്കിൽ പറഞ്ഞാൽ, ഇസബെലിസം എന്നാൽ പാപത്തിന്റെ ആഴം അതിന്റെ പൂർണ്ണതയിൽ ആസ്വദിച്ചു ദൈവത്തിനു വേണ്ടി ജീവിക്കുന്നതാണ്. ഇക്കാലത്തും ഇസബെലിസം ക്രിസ്തീയ സഭകളിൽ ആഴത്തിൽ വേരൂന്നി പടർന്നു പന്തലിക്കുന്നു. സഭാ ശുശ്രൂഷകന്മാർ പലരും ദുർന്നടപ്പു ജീവിത ചര്യയായി പരിചയിച്ചു തുടങ്ങിയിട്ടില്ലേ? സഭയിലെ നല്ലൊരുകൂട്ടം വിശ്വാസികൾ അതിനെ പരസ്യമായും രഹസ്യമായും അനുമോദിക്കുന്നില്ലയോ. ഈ അവസ്ഥ കർത്താവിൽ തീക്ഷ്ണത ഉണ്ടാക്കുന്നു എന്നും മാനസാന്തരത്തിന് അവസരം കൂടെക്കൂടെ നൽകുന്നു എന്നും വചനം വ്യക്തമാക്കുന്നു. ദുർന്നടപ്പ് വിട്ടൊഴിയുവാൻ ധാരാളം അവസരങ്ങൾ നൽകിയിട്ടും മാനസാന്തരപ്പെടാതെ ദുർന്നടപ്പ് അഭിമാനമായി കൊണ്ട് നടക്കുന്ന ഇസബെലിസം വക്താക്കൾക്ക് കഠിനശിക്ഷ നൽകും എന്ന് കർത്താവ് അറിയിക്കുന്നു.

ഭൂരിപക്ഷവും പാപത്തിൽ ആവോളം മുങ്ങിക്കുളിക്കുമ്പോൾ അതിലേക്ക് ഒന്ന് തിരിഞ്ഞു നോക്കുകപോലും ചെയ്യാതെ വേർപാടും വിശുദ്ധിയും കാത്തുസൂക്ഷിച്ചവർക്ക് കർത്താവ് തക്ക പ്രതിഫലവും നൽകുന്നു. ഉദയനക്ഷത്രമാണ് ദുർന്നടപ്പിന്റെ ഉപദേശത്തെ അതിജീവിക്കുന്നവർക്ക് കർത്താവ് ഒരുക്കിയിരിക്കുന്നത്. ഉദയ നക്ഷത്രത്തിന്റെ പ്രത്യേകത അത് മറ്റ് എല്ലാ നക്ഷത്രങ്ങളേക്കാളും ശോഭയേറിയതാണ്. അതുപോലെ ശോഭയേറിയ തേജസ് വിജയികൾക്ക് നൽകും എന്ന് കർത്താവ് വാഗ്ദത്തം ചെയ്യുന്നു. ഇന്ന് നാം ആയിരിക്കുന്ന സാമൂഹിക വ്യവസ്ഥിതിയും തുയഥൈരയ്ക്ക് സമാനമല്ലേ? ദുർന്നടപ്പിനു കുടപിടിക്കുന്ന സഭാ വ്യവസ്ഥിതി!! ആദിമ കാലങ്ങളിൽ ദുർന്നടപ്പിനു കഠിനമായ ശിക്ഷ സ്ഥലം സഭകളിലെ ആത്മീക നേതൃത്വം നൽകിയിരുന്നു. എന്നാൽ ഇന്ന് ആത്മീക നേതൃത്വം തന്നെ ഇസബെസലിസം അനുമോദിക്കുകയും ദുർന്നടപ്പിൽ അകപ്പെടുകയും ചെയ്യുന്നതിനാൽ സഭകളിൽ ഇസബെലിസം കൂടുതൽ ശക്തി പ്രാപിക്കുന്നു. വിരലിൽ എണ്ണാവുന്ന ഒരു ശേഷിപ്പ് മാത്രം ഇക്കാലങ്ങളിൽ ഇസബെലിസത്തിനെ എതിർക്കുന്നു. ഭൂരിപക്ഷവും ഇസബെസലിസം അനുമോദിക്കുമ്പോൾ അതിനെതിരെ നിൽക്കുന്നവർ വളരെയധികം പ്രയാസം അനുഭവിക്കേണ്ടിവരും. എന്നാൽ അവർക്ക് കർത്താവിന്റെ സന്നിധിയിൽ തേജസും ആദരവും ധാരാളമായി ലഭിക്കും. ഇസബെലിസം അനുസരിക്കുകയും അനുമോദിക്കുകയും ചെയ്യുന്നവർ വലിയ കഷ്ടതയിൽ അകപ്പെടും. (വാ. 22).

ഭൂരിപക്ഷ സ്വാധീനത്താൽ നമ്മിൽ ആരെങ്കിലും ഇസബെലിസം ആകുന്ന ദുർന്നടപ്പിലും വേദവിപരീതപ്രവർത്തനങ്ങളിലും അകപ്പെടുകയോ അനുമോദിക്കുന്ന മാനസിക അവസ്ഥയിൽ എത്തുകയോ ചെയ്തിട്ടുണ്ടെങ്കിൽ മാനസാന്തരപ്പെടുവാൻ കർത്താവ് ആഹ്വാനം ചെയ്യുന്നു. വചനം വിട്ടു ജീവിക്കുന്ന ഭൂരിഭാഗത്തിന്റെ അംഗീകാരത്തിൽ ഉപരി കർത്താവിനായി വേർപെട്ടു ജീവിക്കുന്ന ശേഷിപ്പിനോട് കൂടെ ആയിരിക്കട്ടെ നമ്മുടെ ജീവിതം. അതല്ലോ കർത്താവിനു പ്രസാദം.

# നിത്യതയിൽ


തോമസ് ശാമുവേൽ


എം.സി. എബ്രഹാം


മാമ്മൻ കോര


കെ.എം. സാമുവേൽ


തങ്കമ്മ ജോർജ്ജ്


ജോയൽ ബ്ലെസ്സൻ


അന്നമ്മ തോമസ്

CHRISTHEEYA DARSANAM
KALLOTH RIVER VIEW
VADASSERIKKARA, PATHANAMTHITTA DIST.
KERALA-689 662
email: cdranni2020@gmail.com

ക്രിസ്തീയ ദർശനം
CHRISTHEEYA DARSANAM
ഒരു ബ്രദറൺ സഭാ വാർത്താ പത്രം

ഡിസംബർ – 2022
ഒറ്റ പ്രതി: ₹10
RNI. Reg.No. KERBIL / 2008 / 26466
REGISTERED
Postal Reg. No. KL /PTA/ 89/ 2020-2022
Published on 14th December 2022
Posted on 16th December 2022 at RMS Thiruvalla

## ജനറൽ കൺവൻഷൻ സപ്ലിമെന്റ്

# 117 –ാമത് ബ്രദറൺ ജനറൽ കൺവൻഷൻ

## ബി.ബി.സി. ഗ്രൗണ്ട്, കല്ലിശ്ശേരി

## 2022 ഡിസംബർ 25 ഞായർ മുതൽ 2023 ജനുവരി 01 ഞായർ വരെ

ഉദ്ഘാടകൻ : ബ്രദർ ചാണ്ടപ്പിള്ള ഫിലിപ്പ്

## പ്രസംഗകർ


ചാണ്ടപ്പിള്ള ഫിലിപ്പ്


ജോസ് മാത്യു


വർഗീസ് കെ. കുര്യൻ


തോംസൺ ബി. തോമസ്


ജെയിംസ് എം. തോമസ്


എബി കെ. ജോർജ്ജ്

# ജനറൽ കൺവൻഷൻ : ഒരുക്കങ്ങൾ പൂർത്തിയായി

**കല്ലിശ്ശേരി.** 117–ാമത് ബ്രദറൺ ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ പൂർത്തിയാകുന്നു. 2022 ഡിസംബർ 25 ഞായർ മുതൽ 2023 ജനുവരി 01 ഞായർ വരെ കല്ലിശ്ശേരി ബി.ബി.സി ഗ്രൗണ്ടിൽ നടക്കുന്ന ആത്മീയ സംഗമം അനുഗ്രഹകരമാകുവാൻ പ്രാർത്ഥനയും തയ്യാറെടുപ്പും നടത്തിവരുന്നു.

ദൈവവചനസത്യങ്ങൾ നിർമ്മലമായി ആത്മനിറവിൽ ദൈവം നിയോഗിച്ച് അയ്ക്കുന്ന ദൈവദാസന്മാരാൽ ഘോഷിക്കുന്നപ്പെടുന്നതാണ്. ഈ അനുഗ്രഹീത ആത്മീയസംഗത്തിൽ സംബന്ധിക്കുവാൻ താങ്കളേയും കുടുംബത്തേയും ക്രിസ്തീയ സ്നേഹത്തിൽ ക്ഷണിക്കുന്നു.

കൺവൻഷനുവേണ്ടി,
കൺവീനർ & ജോ. കൺവീനേഴ്സ്.
Mob: 9447359517




### ബൈബിൾ ക്ലാസ്സ്

ഡിസംബർ 26 മുതൽ 31 വരെ
രാവിലെ 8 മുതൽ 9 വരെ
വിഷയം : ക്രിസ്തുവിന്റെ സുവിശേഷത്തിന് യോഗ്യമാം വണ്ണം മാത്രം നടപ്പീൻ (ഫിലി:1:27)
ബ്രദർ ജെയിംസ് എം. തോമസ്

ഗാനശുശ്രൂഷ :
കൺവൻഷൻ ഗായകസംഘം

## വിശേഷാൽ സമ്മേളനങ്ങൾ

### ദിവസവും രാവിലെ 9.30 മുതൽ 1 വരെ

**തിങ്കൾ**
**വൈ. എം. ഇ. എഫ്. സമ്മേളനം**
അദ്ധ്യക്ഷൻ: ബ്രദർ. കെ. വി. ജോസ്
സന്ദേശം : ബ്രദർ ജേക്കബ് പി. മാത്യു
ബ്രദർ തോംസൺ ബി. തോമസ്

**ചൊവ്വ**
**കേരള സുവിശേഷക സമ്മേളനം**
അദ്ധ്യക്ഷൻ: സുവി. സാം സഖറിയ
സുവിശേഷകന്മാരുടെ സാക്ഷ്യങ്ങൾ
സന്ദേശം : സുവി. വറുഗീസ് കെ. കുര്യൻ

**ബുധൻ**
**സോദരി സമാജം**
അദ്ധ്യക്ഷൻ: സുവി. ചാണ്ടപ്പിള്ള ഫിലിപ്പ്
സന്ദേശം : സുവി. വർഗീസ് കെ. കുര്യൻ

**വ്യാഴം**
**മിഷൻ സമ്മേളനം**
അദ്ധ്യക്ഷൻ: ബ്രദർ ചാണ്ടപിള്ള ഫിലിപ്പ്
അവതരണം : ബ്രദർ റ്റി. ജെ ജോസഫ് & ടീം രാജസ്ഥാൻ,
ബ്രദർ സേവ്യർ ആന്റണി & ഷാജി വർഗീസ്,
പി. റ്റി. വർഗീസ് (ഗുജറാത്ത്)
സന്ദേശം : ബ്രദ. തോംസൺ ബി. തോമസ്

**വെള്ളി**
**കുടുംബസംഗമം**
അദ്ധ്യക്ഷൻ:
ബ്രദ. ജോസ് മാത്യു
ലീഡിംഗ് : ബ്രദ. എബ്രഹാം തോമസ്
സന്ദേശം : ബ്രദ. ജെയിംസ് എം. തോമസ്

**ശനി**
**എസ്. ബി. എസ്. സമ്മേളനം**
അധ്യക്ഷൻ
ബ്രദർ. ബിനു സാമുവേൽ,
ലീഡിംഗ്: ധർമ്മരാജ് & ഗോഡ്സൺ വാലയിൽ
സന്ദേശം : ബ്രദർ എബി കെ. ജോർജ്ജ്

**ഞായർ രാവിലെ 8 ന്**
പ്രാദേശീക സഭകളിലെ കുട്ടികൾക്കായി
പൊതു സൺഡേ സ്കൂൾ
ബ്രദർ. എബി കെ. ജോർജ്ജ്

**ഞായർ രാവിലെ**
9.45 മുതൽ 1.15 വരെ
സംയുക്ത സഭായോഗം
സമാപനസന്ദേശം
ബ്രദർ. ജോസ് മാത്യു

### രാത്രി യോഗങ്ങൾ

എല്ലാ ദിവസവും
വൈകിട്ട് 5.45 മുതൽ
9 മണി വരെ

### രാത്രി യോഗങ്ങളിലേക്കുള്ള ബസ് ക്രമീകരണം

1. ചുങ്കപ്പാറ – ചാലാപ്പള്ളി ഏഴുമറ്റൂർ – പാടിമൺ മല്ലപ്പള്ളി – പുറമറ്റം – നെല്ലാട് ഓതറ വഴി കല്ലിശ്ശേരി
2. തോണിപ്പുഴ – തടിയൂർ വാളക്കുഴി – വെണ്ണിക്കുളം പുല്ലാട് – കുമ്പനാട് കോയിപ്രം – പുത്തൻകാവ് വഴി കല്ലിശ്ശേരി.

കൺവീനർ : പ്രൊഫ. ജേക്കബ് തോമസ്,
ജോ. കൺവീനേഴ്സ് : സ്കറിയാ ജോൺ, അലക്സ് തോമസ്, കെ. എം. മാത്യു

Printed, Published & Owned by Raja K. Thomas and Printed at Rashtra Deepika Press Kottayam, Kerala. Pin: 689662
Published from Raju K. Thomas, Kalloth River View, Vadasserikkara P.O., Pathanamthitta Dist. Kerala 689662, Editor : Saji John